# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VI
## (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം
## (EDUCATION)

# പീരിയോഡിക്കൽ റിപ്പോർട്ട്

**(2017 മാർച്ച് 31 വരെയുള്ളത്)**

## PERIODICAL REPORT AS ON 31ST MARCH, 2017

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rule of Procedure and Conduct of Business in the Kerala Legislative Assembly]

2017 ആഗസ്റ്റ് 7-ാം തീയതി സമർപ്പിച്ചത്
(Presented on 7th August 2017)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

**പതിനാലാം കേരള നിയമസഭ**
**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി VI
# (SUBJECT COMMITTEE VI)

# വിദ്യാഭ്യാസം
# (EDUCATION)

# പീരിയോഡിക്കൽ റിപ്പോർട്ട്
**(2017 മാർച്ച് 31 വരെയുള്ളത്)**

## PERIODICAL REPORT AS ON 31ST MARCH, 2017

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

895/2017.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

## (2016-2018)

### ഘടന

ചെയർമാൻ :

പ്രൊഫ. സി. രവീന്ദ്രനാഥ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

ശ്രീ. ഇ. പി. ജയരാജൻ,
വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി. [14-10-2016-ന് മന്ത്രി സ്ഥാനം രാജിവച്ചു]

ശ്രീ. എ. സി. മൊയ്തീൻ,
വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി. [2016 ഡിസംബർ 17-ലെ ബുള്ളറ്റിൻ ഭാഗം 2, നമ്പർ 137 പ്രകാരം]

അംഗങ്ങൾ :

ശ്രീ. പി. കെ. അബ്ദു റബ്ബ്
ശ്രീ. കെ. സി. ജോസഫ്
ശ്രീ. പി. ജെ. ജോസഫ്
ശ്രീ. ആർ. രാജേഷ്
ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. എം. സ്വരാജ്
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി
ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

സമിതി 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെ സമിതി 8 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 5 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്ക് വേണ്ടിയും 3 യോഗങ്ങൾ കരട് ചട്ടങ്ങൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, എന്നിവയുടെ പരിഗണനയ്ക്ക് വേണ്ടിയും നിയമസഭാ ചട്ടം 235 എ പ്രകാരമുള്ള ചർച്ചയ്ക്കുവേണ്ടിയും ആയിരുന്നു. യോഗത്തിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 60.2 ശതമാനമായിരുന്നു.

മൂന്ന് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച വിശദാംശങ്ങളും, 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്, 2016 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവ സംബന്ധിച്ച വിവരങ്ങളും 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച യോഗങ്ങളുടെ വിശദാംശവും അദ്ധ്യായം ഒന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചട്ടം 236(6) പ്രകാരമുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, സമിതി പരിശോധിച്ച കരട് ചട്ടങ്ങൾ എന്നിവ രണ്ടാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം ഡിലേസ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും സമിതിയുടെ വിവിധ റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും അദ്ധ്യായം മൂന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2017 ജൂൺ 21-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു

പ്രൊഫ. സി. രവീന്ദ്രനാഥ്,
അദ്ധ്യക്ഷൻ,
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2017 ജൂൺ 21.

# റിപ്പോർട്ട്

## അദ്ധ്യായം I

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI 25-7-2016, 3-8-2016 എന്നീ തീയതികളിൽ യോഗം ചേർന്ന് വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നിവ സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിലുള്ള വിവിധ ശീർഷകങ്ങളിന്മേൽ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2016-17) 11-8-2016-ലെ സമിതിയോഗം അംഗീകരിക്കുകയും 26-9-2016-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 11-8-2016-ലെ സമിതിയോഗം അംഗീകരിക്കുകയും 5-10-2016-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 20-10-2016-ലെ സമിതിയോഗം അംഗീകരിക്കുകയും 3-11-2016-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ (2017-18) സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ യോഗം 22-3-2017, 28-3-2017 എന്നീ തീയതികളിൽ ചേരുകയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നിവ സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിലുള്ള ശീർഷകങ്ങളിന്മേൽ സൂക്ഷ്മപരിശോധന നടത്തുകയും ചെയ്തു.

## അദ്ധ്യായം II

(a) ചട്ടം 236(6) പ്രകാരം ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

### ധനാഭ്യർത്ഥന നമ്പർ XVII- വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

| ക്രമ നമ്പർ | വകുപ്പ് | സാമ്പത്തിക വർഷം | റഫറൻസ് നമ്പർ | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | പൊതുവിദ്യാഭ്യാസ വകുപ്പ് | 2015-16 | 4288/പി2/16/പൊ.വി. തീയതി 16-8-2016 | 19-10-2016 |

895/2017.

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 2 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് | 2015-16 | 1081770/എഫ്(ആർ.ഒ)/ 2016/പ്ലാനിംഗ് തീയതി 23-2-2017 | 9-3-2017 |

<u>ചട്ടങ്ങളുടെ പരിശോധന</u>

20-10-2016-ലെ യോഗത്തിൽ സമിതി ദി കേരള ആർക്കിയോളജിക്കൽ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2016, ദി കേരള ആർക്കിയോളജിക്കൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2016, 25-1-2017-ലെ യോഗത്തിൽ ദി സ്പെഷ്യൽ റൂൾസ് ഫോർ ദി സ്റ്റേറ്റ് ആർക്കൈവ്സ് സർവ്വീസ് 2016, ദി സ്പെഷ്യൽ റൂൾസ് ഫോർ ദി സ്റ്റേറ്റ് ആർക്കൈവ്സ് സബോർഡിനേറ്റ് സർവ്വീസ് 2016 എന്നിവയുടെ കരട് പരിഗണിക്കുകയും വിശദമായ ചർച്ചയ്ക്കുവേണ്ടി മറ്റൊരവസരത്തിലേക്ക് മാറ്റിവയ്ക്കുകയും ചെയ്തു. 2-3-2017-ലെ യോഗത്തിൽ ദി സ്പെഷ്യൽ റൂൾസ് ഫോർ ദി കേരള സ്പോർട്സ് ആൻഡ് യൂത്ത് അഫേഴ്സ് സർവീസ് 2015, ദി സ്പെഷ്യൽ റൂൾസ് ഫോർ ദി കേരള സ്പോർട്സ് ആന്റ് യൂത്ത് അഫേഴ്സ് സബോർഡിനേറ്റ് സർവ്വീസ് 2015 എന്നീ കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>അദ്ധ്യായം III</u>

**ചട്ടം 236(5)പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ**

<u>20-10-2016-ലെ സമിതി യോഗത്തിൽ പരിഗണിച്ചവ</u>

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്(2013-14). [ഫയൽ നമ്പർ 2648/സബ്.സി.ഇ I/2013/നി.സെ.]

<u>ശിപാർശ (ഖണ്ഡിക 28)</u>

ഒരു പോളിടെക്നിക്ക് ലൈബ്രറിയുടെ നവീകരണത്തിനും ഡിജിറ്റൈസേഷനുമായി 10 ലക്ഷം രൂപ ആവശ്യമാണ്. 2013-14 ൽ 20 പോളിടെക്നിക്കുകളെങ്കിലും ഈ സ്കീമിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2203-00-001-95 ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയതിൽ 2014 മാർച്ച് 31 വരെ 95.25 ലക്ഷം രൂപ ചെലവായി. കൂടുതൽ തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 16764/എൽ 1/15/ഉ.വി.വ. തീയതി: 1-7-2015).

2. 2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്
[ഫയൽ നമ്പർ 3471/സബ്.സി.ഇ 1/2014/നി.സെ.]

<u>ശിപാർശ (ഖണ്ഡിക 25)</u>

കോളേജ് വികസന സമിതികൾക്ക് മാച്ചിംഗ് ഗ്രാന്റായി നൽകേണ്ടത് കോളേജുകളിലെ സി. ഡി. സി. കളക്ഷന് തുല്യമായ തുകയായതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2014- 15 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ പദ്ധതി വിഹിതമായി വകയിരുത്തിയിരുന്ന തുക മുഴുവൻ കോളേജുകളുടെ വികസന പ്രവൃത്തികൾക്കായി വിനിയോഗിച്ചു. പ്രസ്തുത ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിട്ടില്ല. 2015-16 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തി യിട്ടുള്ള 135 ലക്ഷം രൂപ ഈ ആവശ്യത്തിന് പര്യാപ്തമാണ്.

(സർക്കാർ കത്ത് നമ്പർ സി 2/121/2016/ഉ.വി.വ. തീയതി: 10-5-2016).

<u>ശിപാർശ (ഖണ്ഡിക 28)</u>

പോളിടെക്നിക്കുകൾ പ്രവർത്തിക്കുന്ന പഴക്കമേറിയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പോളിടെക്നിക്കുകൾക്ക് ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും ലബോറട്ടറി ഉപകരണങ്ങളും വാങ്ങുന്നതിനും പദ്ധതിവിഹിതമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 230 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പോളിടെക്നിക്കുകളിലെ പഴക്കമേറിയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, മെഷിനറികൾ, ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും 2014-15 സാമ്പത്തിക വർഷം ധനപുനഃക്രമീകരണം മുഖേന 2203-00-105-79 എന്ന ശീർഷകത്തിൽ 66.39 ലക്ഷം രൂപ സർക്കാർ കൂടുതലായി അനുവദിച്ചു. ഇതിൽ കൂടുതൽ തുക ആവശ്യമായി വന്നില്ല. ആകെ ഈയിനത്തിൽ സാമ്പത്തിക വർഷം 2015 മാർച്ച് 31 വരെ 427.5 ലക്ഷം രൂപ ചെലവായി.

ശിപാർശ (ഖണ്ഡിക 32)

ത്രിവൽസര എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുകളുടെ വിവിധ എഞ്ചിനീയറിംഗ് മേഖലകളിലേയും ടെക്നിക്കൽ ഹൈസ്കൂളുകളിലെ വിവിധ എഞ്ചിനീയറിംഗ് ട്രേഡുകളിലെ സിലബസ് പരിഷ്കരണവും കരിക്കുലം വികസനവും നടപ്പാക്കിവരുന്ന കളമശ്ശേരി കരിക്കുലം ഡെവലപ്പ്മെന്റ് സെന്ററിന്റേയും വികസനത്തിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 94 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2203-00-001-89 എന്ന ശീർഷകത്തിൽ 171 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2015 മാർച്ച് 31 വരെ 123 ലക്ഷം രൂപ ചെലവായി. കൂടുതൽ തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 33)

സാങ്കേതികവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ഇ-ഗവേർണൻസ് ശക്തിപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 39.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2203-00-112-70 എന്ന ശീർഷകത്തിൽ 160.5 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2015 മാർച്ച് 31 വരെ 159.59 ലക്ഷം രൂപ ചെലവായി. കൂടുതൽ തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക-40)

5 ലക്ഷം രൂപ കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2203-00-105-99-04-1 എന്ന ശീർഷകത്തിൽ 2.5 ലക്ഷം രൂപ സർക്കാർ അധികമായി അനുവദിച്ചു. ആകെ ഈയിനത്തിൽ 2014-15 സാമ്പത്തിക വർഷം 17.8 ലക്ഷം രൂപ ചെലവായി.

(സർക്കാർ കത്ത് നമ്പർ 33402/എൽI/14/ഉ. വി. വ. തീയതി 22-7-2015).

ശിപാർശ (ഖണ്ഡിക 46)

കേരള സംസ്ഥാന സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന്റെ തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 1930 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തിൽ 2203-00-112-61 എന്ന ശീർഷകത്തിൽ 12.1 കോടി രൂപ കേരള സംസ്ഥാന സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിനായി വകയിരുത്തിയിട്ടുണ്ട്. അധിക തുകകൾ അനുവദിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 33401/കെ2/14/ഉ. വി. വ. തീയതി: 21-10-2015)

ശിപാർശ (ഖണ്ഡിക 49)

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിക്കായി ബഹുനില കെട്ടിടം പണിയുക, ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി പൊന്നാനിയിൽ സ്ഥാപിച്ചിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ടിനായി കെട്ടിടം നിർമ്മിക്കുക, പാലക്കാട് സിവിൽ സർവ്വീസ് അക്കാഡമിയുടെ പ്രവർത്തനം വിപുലീകരിക്കുക, സിവിൽ സർവ്വീസ് അക്കാഡമിയുടെ കോഴിക്കോട് ഉപകേന്ദ്രത്തിന്റെ പ്രവർത്തന വിപുലീകരണം, മൂന്നാറിലെ കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ വികസന പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ 1345 ലക്ഷം രൂപ അധികമായും പദ്ധതിയേതര ഇനത്തിൽ 101.8 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തുടർ വിദ്യാഭ്യാസ കേന്ദ്രം നിലവിൽ നടന്നുവരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കിയിരുന്നില്ല. ആയതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുകയും അനുവദിക്കാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 33402/എൽ1/14/ഉ. വി. വ. തീയതി 22-7-2015)

ശിപാർശ (ഖണ്ഡിക 52)

ചരിത്ര ഗവേഷണ കൗൺസിലിന്റെ പദ്ധതികളായ ഗവേഷണ ഫെലോഷിപ്പുകൾ, അന്തർദ്ദേശീയ ഫെലോഷിപ്പുകൾ, കേരളത്തിന്റെ ചരിത്ര ഭൂപട നിർമ്മാണം, പുരാവസ്തു പര്യവേഷണവും സർവ്വേയും കേരളത്തിന്റെ സമകാലീന ചരിത്ര ഗ്രന്ഥശേഖരം തയ്യാറാക്കൽ, കേരളത്തിന്റെ ചരിത്രപരവും സാമൂഹ്യ സാംസ്കാരികപരവുമായ രേഖകളുടെയും

ചിത്രങ്ങളുടേയും ശേഖരണവും ഡിജിറ്റൈസേഷനും കടിയേറ്റ മലയാളികളുടെയും കടിയേറ്റ സമൂഹങ്ങളുടെയും ചരിത്രം ശേഖരിക്കൽ, ലൈബ്രറി സമ്പുഷ്ടീകരണം, പ്രാദേശിക ചരിത്രം, ജീവചരിത്രം, സ്ഥാപനങ്ങളുടെ ചരിത്രം എന്നിവയുടെ രചന, പ്രസിദ്ധീകരണങ്ങൾ, കെ. സി. എച്ച്. ആർ ന്യൂസ് ലെറ്റർ/ റിസർച്ച് ജേർണൽ, അന്തർദ്ദേശീയ ശിൽപ്പശാലകൾ, സെമിനാറുകൾ, പരിശീലന കളരികൾ എന്നിവ സംഘടിപ്പിക്കുക, മാതൃകാ ആർക്കിയോളജി പാർക്ക് സ്ഥാപിക്കുക തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തി യിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3088.81 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 76.33 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

വിഹിതത്തിന്റെ കാൽഭാഗം പോലും വിനിയോഗിച്ചിട്ടില്ല. ഈ സാമ്പത്തിക വർഷം 6 കോടി രൂപ പദ്ധതി വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക തുകകൾ അനുവദിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 33401/കെ 2/14/ഉ. വി. വ. തീയതി 21-10-2015).

## ശിപാർശ (ഖണ്ഡിക 53)

ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ, സെന്റർ ഫോർ റിസർച്ച് ഓൺ പോളിസീസ് ഇൻ ഹയർ എഡ്യൂക്കേഷൻ, സെന്റർ ഫോർ കരിക്കുലം ഡെവലപ്മെന്റ് ആന്റ് എക്സാമിനേഷൻ റിഫോംസ്, സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ്സ് എന്നിവയുടെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ, നിലവിലുള്ള മൂന്ന് കോളേജ് ക്ലസ്റ്ററുകൾക്ക് അധിക സാമ്പത്തിക സഹായം, ഇൻസ്റ്റിറ്റ്യൂഷൻ - ഇൻഡസ്ട്രി പ്ലാറ്റ്ഫോം രൂപീകരണം, സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമും ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാമും, സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരണം, പ്രോജക്ട് ഫൈനാൻസിംഗ്, നോൺ ടീച്ചിംഗ് ജീവനക്കാർക്കുള്ള സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പരിശീലനം, എറുഡേറ്റ് പ്രോഗ്രാം, ഐ. റ്റി. @ കോളേജുകൾ, ഇന്റർനാഷണൽ കോൺഫറൻസ്/ കൺസൾട്ടേഷൻ, ഫാക്കൽറ്റി ട്രെയിനിംഗ് അക്കാഡമി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന അർഹരായ 5000 വിദ്യാർത്ഥികൾക്ക്കൂടി സ്കോളർഷിപ്പ് നൽകുവാനും, വിവിധ അക്കാഡമിക് പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്തതിനാലും കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 64)

വിവിധ സർക്കാർ ലോ കോളേജുകൾ ഉൾപ്പെടെയുള്ള വിവിധ കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി ലഭിക്കുകയും പല പണികളും പുരോഗമിക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ പദ്ധതിയിന ത്തിൽ അനുവദിച്ചിരുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 5000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ലോ കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണത്തിനായി 2014-15 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല.

ശിപാർശ (ഖണ്ഡിക 65)

സർക്കാർ കോളേജുകളിലെ ഭൗതിക സൗകര്യവികസനം നടത്തുന്നതിന് പുതിയ പണികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടി ല്ലാത്തതിനാൽ 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പുതിയ സർക്കാർ കോളേജുകളിലെ ഭൗതിക സൗകര്യ വികസനം നടത്തുന്നതിന് പുതിയ പണികൾ ഏറ്റെടുക്കുന്നതിനും വേണ്ടി സമിതി ശിപാർശ ചെയ്ത അധിക തുക ഈ ആവശ്യത്തിന് അനുവദിച്ച് നൽകിയിട്ടില്ല.

ശിപാർശ (ഖണ്ഡിക 66)

വിവിധ സർക്കാർ കോളേജുകളിലെ ലാബുകളുടെയും ലൈബ്രറികളുടെയും വികസന ത്തിനായി ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ 2202-03-103-76 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 600 ലക്ഷം രൂപയിൽ 586 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തു. സമിതി ശിപാർശ ചെയ്ത അധിക തുക ഈ ആവശ്യത്തിന് അനുവദിച്ച് നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സി 2/121/2016/ഉ. വി. വ. തീയതി 10-5-2016).

ശിപാർശ (ഖണ്ഡിക 69)

ഭരണാനുമതി ലഭിച്ചിട്ടുള്ളതും പണി തുടങ്ങാറായതുമായ പോളിടെക്നിക്കുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 804.71 ലക്ഷം രൂപ ചെലവായതായി പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 33402/എൽ1/14/ഉ. വി. വ. തീയതി 22-7-2015).

ശിപാർശ (ഖണ്ഡിക 92)

കലാകാരന്മാർക്കുള്ള പെൻഷൻതുക 750 രൂപയായി വർദ്ധിപ്പിച്ചതിനാലും പുതിയതായി 400 പേർക്ക് പെൻഷൻ നൽകേണ്ടതിനാലും 2205-00-12-87-36(NP) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിയേതരവിഹിതം അപര്യാപ്തമായതിനാൽ 75.60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിർദ്ധനരായ കലാകാരന്മാരുടെയും/സാഹിത്യകാരന്മാർ എന്നിവർക്കുള്ള ധനസഹായ പദ്ധതി പ്രകാരം പദ്ധതിയേതര ഇനത്തിൽ 2205-00-102-87-36(NP) എന്ന ശീർഷകത്തിൽ ധനകാര്യ വകുപ്പിന്റെ സ.ഉ(സാധാ.) നമ്പർ 1027/2015/Fin. തീയതി 9-2-2015 പ്രകാരം മുപ്പത്തിയൊന്ന് ലക്ഷത്തിഇരുപതിനായിരം രൂപ (₹ 31,20,000) അധികമായി അനുവദി ച്ചിട്ടുണ്ടെന്ന വിവരം സമിതിയെ അറിയിക്കുന്നു.

ശിപാർശ (ഖണ്ഡിക 93)

പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും ധനസഹായം നൽകുന്ന 2205-00-102-69 എന്ന ശീർഷകത്തിൽ നിന്നും പുതുതായി ഒരു വ്യക്തിക്കുകൂടി തുക അനുവദിക്കേണ്ടതുള്ളതിനാൽ 24,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും ധനസഹായം നൽകുന്ന 2205-00-102-69 എന്ന ശീർഷകത്തിൽ

2014-2015 സാമ്പത്തിക വർഷാവസാനം സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ ആവശ്യപ്പെട്ടത് പ്രകാരം 4,000 രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6771/സി 3/15/സാം.കാ.വ. തീയതി 10-8-2015).

ശിപാർശ (ഖണ്ഡിക 116)

കേരള പൈതൃക പ്രാമാണീകരണ പദ്ധതി, സംഗ്രഹാലയ-ഗവേഷണ ലൈബ്രറിയുടെ രൂപീകരണം, പ്രസിദ്ധീകരണ യൂണിറ്റ്, പുതിയ കോഴ്സുകൾ എന്നിവ നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന് 2014-15 സാമ്പത്തിക വർഷം അനുവദിച്ച മുഴുവൻ തുകയും പ്രസ്തുത സാമ്പത്തിക വർഷം തന്നെ ചെലവഴിക്കാൻ കഴിയാത്തതിനാൽ അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല. 2015-16 വർഷം സ്ഥാപനത്തിന് 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 7203/ബി1/2014/സാം. കാ. വ. തീയതി: 4-7-2015)

ശിപാർശ (ഖണ്ഡിക 126)

കേന്ദ്ര സംസ്ഥാന കലാകാര പെൻഷൻ നൽകുന്നതിനുവേണ്ടി ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല. ഇതിനായി പ്രത്യേക ശീർഷകം അനുവദിച്ച് 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേന്ദ്ര കലാകാര പെൻഷൻ നൽകുന്നതിനുവേണ്ടി 2014-15 സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 6771//സി 3/15/സാം.കാ.വ. തീയതി 10-8-2015).

ശിപാർശ (ഖണ്ഡിക 127)

കൊങ്കണി ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് ഉതകുന്ന പ്രോത്സാഹനം നൽകുക, മറ്റു ഭാഷകളുമായി കൊങ്കണിയിലെ കൃതികൾ ഭാഷാന്തരീകരണം നടത്തുക, വിജ്ഞാന കോശങ്ങൾ, ഗ്രന്ഥ സൂചികകൾ, സാഹിത്യ ചരിത്രങ്ങൾ തുടങ്ങിയവ തയ്യാറാക്കി പ്രസിദ്ധീകരിക്കുക, വിശിഷ്ട കൃതികൾക്കും വിശിഷ്ട വ്യക്തികൾക്കും

സമ്മാനങ്ങളും അംഗീകാരങ്ങളും നൽകുക, സാഹിത്യ സമ്മേളനങ്ങൾ, കളരികൾ തുടങ്ങിയവ നടത്തുക, നാടകോത്സവം, കൊങ്കണി സിനിമാപ്രദർശനം എന്നിവ സംഘടിപ്പിക്കുക എന്നീ ഉദ്ദേശത്തോടെ 2012 നവംബർ മുതൽ പ്രവർത്തനം ആരംഭിച്ച കൊങ്കണി സാഹിത്യ അക്കാദമിയുടെ പ്രവർത്തനം സമഗ്രമായി നടത്തുവാൻ ബഡ്ജറ്റിൽ 'കൊങ്കണി സാഹിത്യ അക്കാദമി ധനസഹായം' എന്ന പേരിൽ ഒരു ശീർഷകം അനുവദിക്കണമെന്നും അതിൽ പദ്ധതി ഇനത്തിൽ 17.02 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 54.98 ലക്ഷം രൂപയും വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

കൊങ്കണി സാഹിത്യ അക്കാദമിക്ക് സബ്ജക്റ്റ് കമ്മിറ്റി ശിപാർശയുടെ വെളിച്ചത്തിൽ 2014-15 സാമ്പത്തിക വർഷം പദ്ധതിയിനത്തിലോ പദ്ധതിയേതര ഇനത്തിലോ തുകയൊന്നും വകയിരുത്തിയിട്ടില്ലാ എന്ന വിവരം അറിയിക്കുന്നു. എന്നാൽ 2014-15 വർഷം കൊങ്കണി സാഹിത്യ അക്കാദമി സംഘടിപ്പിച്ച ദേശീയ കൊങ്കണി സാഹിത്യ സമ്മേളനത്തിനും, അക്കാദമിയുടെ രണ്ടാം വാർഷികാഘോഷ ചടങ്ങുകൾക്കും ഗോവൻ കലാകാരന്മാരെ പങ്കെടുപ്പിച്ച് നടത്തിയ നാടോടി നൃത്ത പരിപാടികൾക്കും ഓരോ ലക്ഷം രൂപ വീതം അനാവർത്തന ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6771/ സി 3/15/സാം. കാ. വ. തീയതി 10-8-2015).

## 2-3-2017-ലെ യോഗത്തിൽ പരിഗണിച്ചവ

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)

[ഫയൽ നമ്പർ 3471/സബ്.സി.ഇ I/2014/നി.സെ.]

## ശിപാർശ (ഖണ്ഡിക 72)

വിവിധ ഐ.ടി.ഐ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

പുതിയതായി ആരംഭിച്ച ഐ.ടി.ഐ.കൾക്ക് കെട്ടിടം പണിയുവാൻ ആവശ്യമായ സ്ഥലം നടപടികൾ പൂർത്തിയാക്കി കൈമാറി ലഭിക്കാത്തതിനാൽ 2014-15 സാമ്പത്തിക വർഷത്തിൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിട്ടില്ല. എന്നാൽ 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ പുതിയതായി ആരംഭിച്ച ഐ.ടി.ഐ.കൾക്ക് സ്വന്തമായി സ്ഥലം കൈമാറി ലഭിച്ചതിനെ തുടർന്ന് കെട്ടിടം നിർമ്മിക്കുന്നതിനായി

ഭരണാനുമതി നൽകുകയും ബാക്കി തുക നിലവിലുള്ള ഐ.ടി.ഐ.കളിൽ അഡീഷണൽ വർക്ക് ചെയ്യുവാനായി ഉപയോഗിക്കുകയും ചെയ്തു.

ശിപാർശ (ഖണ്ഡിക 73)

ഐ.ടി.ഐ.കളിൽ സ്ത്രീകൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ 9 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഐ.ടി.ഐ.കളിൽ സ്ത്രീകൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പുതിയ ശിപാർശകൾ ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചില്ല.

ശിപാർശ (ഖണ്ഡിക 74)

ഐ.ടി.ഐ.കളിൽ സ്ത്രീകൾക്കായി വിശ്രമമുറികൾ, ഡ്രസ്സിംഗ് റൂമുകൾ, ടോയ്‌ലെറ്റുകൾ എന്നിവയുടെ നിർമ്മാണത്തിന് ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 150 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ പ്രധാനപ്പെട്ട ഐ.ടി.ഐ.കളിൽ സ്ത്രീകൾക്കായി വിശ്രമമുറികൾ, ഡ്രസ്സിംഗ് റൂമുകൾ, ടോയ്‌ലെറ്റുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കായി 2013-14-ൽ വിഷയനിർണ്ണയ സമിതിയുടെ നിർദ്ദേശമനുസരിച്ച് 10 ഐ.ടി.ഐ.കൾക്ക് ആവശ്യമായ ഒന്നരക്കോടി രൂപ അനുവദിച്ചിരുന്നു. 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ 12 ഐ.ടി.ഐ.കളിൽ ഇതേ പ്രവൃത്തിക്ക് ഫണ്ട് അനുവദിച്ചിരുന്നു. ആകെ 22 ഐ.ടി.ഐ.കളിൽ ടി പ്രവൃത്തികൾക്ക് തുക അനുവദിക്കുകയും അതിൽ പകുതിയിലധികം പ്രവൃത്തികൾ ആരംഭിക്കാതിരിക്കുകയോ ആരംഭിച്ചത് (നിർമ്മാണ ഏജൻസികളുമായുള്ള നിരവധി ഭരണപരവും സാങ്കേതികവുമായ കാരണങ്ങളാൽ) മുടങ്ങിക്കിടക്കുകയോ ചെയ്തിരുന്നു. ഇവ പൂർത്തിയാക്കുന്നതിന് മുഖ്യ പരിഗണന നൽകിയതിനാൽ വിഷയനിർണ്ണയ സമിതിയുടെ നിർദ്ദേശപ്രകാരം നടപടി തുടരാൻ സാധിച്ചില്ല. ഇതിനൊക്കെ പുറമേ വ്യാവസായിക പരിശീലന വകുപ്പിൽ നിന്നും ഡെപ്പോസിറ്റ് ചെയ്ത തുക പണി പൂർത്തിയാക്കുന്നതിന് തികയാതെ വന്നിട്ടുള്ള സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് തന്നെ റീഅപ്രോപ്രിയേഷൻ മുഖേനയോ, സ്വന്തം ഫണ്ടോ ഉപയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. നിലവിൽ ടി 22 അമിനിറ്റി

സെന്ററുകളുടെയും പണി 90% പൂർത്തീകരിച്ചിട്ടുള്ളതിനാൽ ഭാവിയിൽ ഈ വിഷയങ്ങളിൽ വിഷയനിർണ്ണയ സമിതിയിൽ നിന്നുണ്ടാകുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പിൻതുടർന്ന് തുക ലഭ്യമാക്കുകയും പ്രവൃത്തികൾ ഏറ്റെടുക്കുന്നതുമാണ്.

(സർക്കാർ കത്ത് നമ്പർ സി 4/40/2016/തൊഴിൽ തീയതി 3-10-2016).

ശിപാർശ (ഖണ്ഡിക 42)

ലൈബ്രറികൾക്ക് വാർഷിക ഗ്രാന്റും അലവൻസും നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 353.15 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനോട് റിപ്പോർട്ട് ആവശ്യപ്പെടുകയും, ലൈബ്രറി കൗൺസിലിന്റെ അപേക്ഷയിന്മേൽ സർക്കാർ ധനസഹായത്തോടെ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ഗണ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതിനാലും, സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതിയും അധിക തുക അനുവദിക്കുന്നത് പ്രായോഗികമല്ലാത്തതിനാലും, പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾ ബഡ്ജറ്റ് വിഹിതത്തിന്മേൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ആയതിനാൽ സംസ്ഥാന ലൈബ്രറി കൗൺസിലിന് തുക അനുവദിക്കാൻ നിർവ്വാഹമില്ല.

ശിപാർശ (ഖണ്ഡിക 43)

വോളന്റിയർമാരുടെ എണ്ണമനുസിച്ച് ഗ്രാന്റ് ഇൻ-എയ്ഡ് ഫണ്ട് വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 286.85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയിന്മേൽ എൻ. എസ്. എസ്. സെല്ലിനോട് റിപ്പോർട്ട് ആവശ്യപ്പെടുകയും എൻ. എസ്. എസ്. സെല്ലിന്റെ അപേക്ഷ പ്രകാരം പദ്ധതിയേതര വിഹിതത്തിൽ 2,86,85,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തതിൻപ്രകാരം 2,04,68,000 (രണ്ട് കോടി നാല് ലക്ഷത്തി അറുപത്തി എണ്ണായിരം) രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ എ 1/28/2016/ഉ. വി. വ തീയതി 20-12-2016).

ശിപാർശ (ഖണ്ഡിക 47)

പിരിച്ചുവിട്ട ജീവനക്കാരുടെ ശമ്പള കടിശ്ശിക, നിലവിലുള്ള ജീവനക്കാരുടെ ശമ്പള കടിശ്ശിക, സാധനസാമഗ്രികൾ വാങ്ങിയതിലുള്ള സബ്സെന്ററുകളിലെ കടിശ്ശിക, സബ്സെന്ററിലെ വാടക കടിശ്ശിക എന്നിവ ഉൾപ്പെടെയുള്ള ചെലവുകൾ നിറവേറ്റുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിയേതരവിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 496.87 ലക്ഷം രൂപയും വിവിധ പദ്ധതികൾ നടപ്പിലാക്കുവാൻ പദ്ധതി ഇനത്തിൽ 19.7 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്റ്റ് കമ്മിറ്റി VI (വിദ്യാഭ്യാസം) (2014-15) സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാം റിപ്പോർട്ടിലെ 47-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള വ്യക്തമായ പ്രൊപ്പോസൽ സഹിതമുള്ള റിപ്പോർട്ട് തുടർച്ചയായ സർക്കാർ ഇടപെടലുകൾക്ക് ശേഷവും സി ആപ്റ്റ് മാനേജിംഗ് ഡയറക്ടർക്ക് സമയ പരിധിക്കുള്ളിൽ സമർപ്പിക്കുവാൻ സാധിച്ചില്ല. മേൽ കാരണത്താൽ ശിപാർശ നടപ്പിലാക്കാൻ സാധിച്ചില്ല എന്ന വിവരം സമിതിയെ അറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 19537/കെ 3/2015/ഉ.വി.വ. തീയതി 3-1-2017).

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16)
   [ഫയൽ നമ്പർ 3412/സബ്.സി.ഇ 1/2015/നി.സെ]

ശിപാർശ (ഖണ്ഡിക 27)

സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ച ടെക്നിക്കൽ ഹൈസ്കൂളുകളിൽ ആധുനിക ഉപകരണങ്ങളും ,മെഷിനറികളും വാങ്ങുന്നതിനും പഴയ ടെക്നിക്കൽ ഹൈസ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം സംസ്ഥാനത്തെ 39 ടെക്നിക്കൽ ഹൈസ്കൂളുകളും ആധുനിക ഉപകരണങ്ങളും മെഷിനറികളും വാങ്ങുന്നതിനും പഴയ ടെക്നിക്കൽ ഹൈസ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കും 2203-00-103-99 എന്ന ശീർഷകത്തിൽ 300 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നതിൽ 2016 മാർച്ച് 31 വരെ 185.43 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. അധിക തുക ആവശ്യമായി വന്നിട്ടില്ല

<u>ശിപാർശ (ഖണ്ഡിക 51)</u>

2015-ൽ നിലവിൽവന്ന കേരള സാങ്കേതിക സർവ്വകലാശാലയ്ക്ക് യു.ജി.സി. അംഗീകാരം ലഭിക്കുന്നതിന് 5 ഡിപ്പാർട്ട്മെന്റുകളോടുകൂടിയ ക്യാമ്പസ് പ്രവർത്തനം ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 2692/15/ഉ.വി.വ തീയതി 14-10-2015 പ്രകാരം തിരുവനന്തപുരത്തെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 2203-00-102-97 എന്ന ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ₹ 18,00,00,000 (രൂപ പതിനെട്ട് കോടി മാത്രം) സർക്കാർ വകയിരുത്തിയിരുന്നു. യു.ജി.സി. യുടെ അംഗീകാരം നേടിയെടുക്കുന്നതിന്റെ ഭാഗമായി അധികമായി 40 കോടി രൂപ വകയിരുത്താൻ VI-ാം വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ പുതിയ അക്കാദമിക് ക്യാമ്പസ് നിർമ്മിക്കുവാനുള്ള സ്ഥലം കൈമാറ്റം സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ ബജറ്റിൽ അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാനോ, ശിപാർശ ചെയ്ത അധിക ഫണ്ട് 2015-16 -ൽ കൈപ്പറ്റാനോ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ജെ 3/424/2016/ഉ.വി.വ. തീയതി 19-12-2016 )

<u>സമിതിയുടെ വിവിധ റിപ്പോർട്ടുകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ 20-10-2016-ലെ യോഗത്തിൽ പരിഗണിച്ചവ</u>

1. 2013-14 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം സംബന്ധിച്ച റിപ്പോർട്ട്.
   [ഫയൽ നമ്പർ 6983/സബ്.സി.ഇ 1/14/നി.സെ.]

<u>ശിപാർശ (ഖണ്ഡിക 71)</u>

ബഹുതല പഠന കേന്ദ്രങ്ങൾ (എം. ജി. എൽ. സി.) എൽ. പി. സ്കൂളുകളായി ഉയർത്തുമ്പോൾ ഈ രംഗത്ത് വർഷങ്ങളായി ജോലി ചെയ്യുന്നവരെയും വിദ്യാർത്ഥികളുടെ എണ്ണക്കുറവ് കാരണം എൽ. പി. സ്കൂളുകളായി ഉയർത്താൻ കഴിയാത്ത എം.ജി.എൽ.സി.-കളെയും നിലനിർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സംസ്ഥാനത്തെ [1-3-2014 ജി.ഒ. (എംഎസ്.) 44/2014/പൊ. വി. നമ്പർ ഉത്തരവ് പ്രകാരം] 111 എം. ജി. എൽ. സി. സ്കൂളുകളെ എൽ. പി. സ്കൂളുകളായി ഉയർത്തിക്കൊണ്ട് ഉത്തരവായി. സർക്കാരിന്റെ സാമ്പത്തിക ബാധ്യതയുടെ അടിസ്ഥാനത്തിൽ ഇവയുടെ പ്രവർത്തനം ഘട്ടം ഘട്ടമായി ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ആദ്യ ഘട്ടമായി 10 വിദ്യാലയങ്ങളെ തെരഞ്ഞെടുത്ത് എൽ. പി. ആയി അപ്ഗ്രേഡ് ചെയ്യാൻ സർവ്വശിക്ഷാ അഭിയാനെയാണ് (എസ്. എസ്. എ) ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ മേഖലയിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച തീരുമാനം സർക്കാരിന്റെ പരിഗണനയിലാണ്.

<u>ശിപാർശ (ഖണ്ഡിക 72)</u>

അംഗവൈകല്യമുള്ള കുട്ടികൾക്കുള്ള ധനസഹായ പദ്ധതി പ്രത്യേക ശ്രദ്ധ അർഹിക്കുന്നതാകയാൽ ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>100% കേന്ദ്രാവിഷ്കൃത ഐ.ഇ.ഡി.എസ്.എസ്. പദ്ധതി</u>

ബഡ്ജറ്റ് പ്രൊപ്പോസൽ നൽകുമ്പോൾ ഏകദേശ കണക്ക് മുൻകൂട്ടി കണ്ടിട്ടാണ് പദ്ധതിയിലെ എല്ലാ ഇനങ്ങൾക്കും ഫണ്ട് കണക്കാക്കുന്നത്. എന്നാൽ എം. എച്ച്. ആർ. ഡി. പി.എ.ബി. മിനിട്സ് പ്രകാരമുള്ള ഇനങ്ങൾ മാത്രമേ നമുക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ സാധിക്കുകയുള്ളൂ. അത് മാത്രമേ എം. എച്ച്. ആർ. ഡി. റീ ഇമ്പേഴ്സ് ചെയ്യുകയുള്ളൂ. അതിനാൽ ബഡ്ജറ്റ് വിഹിതത്തിൽ കുറഞ്ഞ തുകയുടെ താഴെ മാത്രമേ ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. എങ്കിലും വൈകല്യമുള്ള കുട്ടികൾക്കുള്ള സാമ്പത്തിക സഹായം ഡി.ഇ.ഒ./ആർ.ഡി.ഡി./വി.എച്ച്.എസ്.ഇ.കളിൽ നിന്നുള്ള പട്ടിക പ്രകാരം പരിശോധന നടത്തി തുക അനുവദിക്കുകയാണ് ചെയ്യുന്നത്. പദ്ധതിയിൽ ഉൾപ്പെട്ട അർഹരായ കുട്ടികൾക്ക് ധനസഹായം നിഷേധിക്കാറില്ല എന്നുകൂടി അറിയിക്കുന്നു.

<u>1 മുതൽ 8 വരെ ക്ലാസ്സുകളിലെ വൈകല്യമുള്ള കുട്ടികൾക്കുള്ള ധനസഹായ പദ്ധതി</u>

സംസ്ഥാന പദ്ധതിയായ ഇതിൽ ബഡ്ജറ്റ് തുക വകയിരുത്തുമെങ്കിലും എ.ഇ.ഒ.കളിൽ നിന്നും മെഡിക്കൽ ക്യാമ്പിലൂടെ കണ്ടെത്തുന്ന കുട്ടികൾക്കാണ് തുക അനുവദിക്കുന്നത്. എ.ഇ.ഒ.കളിൽ നിന്നും ലഭിക്കുന്ന പട്ടിക പരിശോധിച്ചതിന് ശേഷമാണ് തുക അനുവദിക്കുന്നത്. അർഹരായ ഒരു കുട്ടിയേയും ധനസഹായ പദ്ധതിയിൽ നിന്നും ഒഴിവാക്കാറില്ല എന്ന് കൂടി അറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 2560/ഡി1/2015/പൊ.വി. തീയതി 6-10-2015).

ശിപാർശ (ഖണ്ഡിക 73)

മാനസികമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെ പരിചരിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി എത്രയും വേഗം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മാനസികമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെ പരിചരിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷം പ്ലാൻ സ്കീമിൽ 10 കോടി രൂപ വകയിരുത്തുകയും ആയത് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അനുവദിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 79)

പ്രത്യേക അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങൽ (വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക്) പദ്ധതി കൂടുതൽ സ്പെഷ്യൽ സ്കൂളുകളിൽ തുടങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രത്യേക അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങൽ (വിഭിന്നശേഷിയുള്ള കുട്ടികൾക്ക്) സംബന്ധിച്ച് 2013-14 സാമ്പത്തിക വർഷം 2202-02-109-70 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയ 200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഇപ്രകാരം അനുവദിച്ച 200 ലക്ഷം രൂപ സർക്കാർ മേഖലയിൽ കോട്ടയം, മലപ്പുറം, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഓരോ സെന്ററിനും അനുവദിച്ചിട്ടുണ്ട്. കാസർഗോഡ്, മലപ്പുറം സെന്ററുകളിൽ കോഴ്സ് ആരംഭിച്ചുകഴിഞ്ഞു. എന്നാൽ മറ്റ് രണ്ടു സെന്ററുകൾക്ക് ആർ.സി.ഐ.യുടെ അംഗീകാരം ലഭിക്കാത്തതിനാൽ കോഴ്സ് ആരംഭിച്ചിട്ടില്ല. കെട്ടിട നിർമ്മാണത്തിന് കാസർഗോഡ് സെന്ററിനായി അനുവദിച്ച തുക ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു. മലപ്പുറം സെന്ററിനുള്ള കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച തുക പി.ഡബ്ല്യു.ഡിയ്ക്കും സ്ഥലം എടുക്കുന്നതിനുള്ള തുക മലപ്പുറം ജില്ലാ കളക്ടർക്കുമാണ് നൽകിയിട്ടുള്ളത്.

(സർക്കാർ കത്ത് നമ്പർ 2812/ആർ2/15/പൊ.വി.വ. തീയതി 4-11-2015).

25-1-2017-ലെ യോഗത്തിൽ പരിഗണിച്ചവ

1. സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട്.
   [ഫയൽ നമ്പർ 3958/സബ്.സി.ഇ.1/2015/നി.സെ.]

ശിപാർശ (ഖണ്ഡിക 24)

ഹയർസെക്കന്ററി മേഖലയുടെ വളർച്ചയ്ക്ക് വളരെയധികം ഗുണപ്രദമായ അസാപ്, കരിയർ ഗൈഡൻസ്, സൗഹൃദ ക്ലബ്ബുകൾ, ലഹരി വിരുദ്ധ ക്ലബ്ബുകൾ, കൗമാര കൗൺസലിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ എല്ലാ സ്കൂളുകളിലും ആരംഭിക്കണമെന്നും അവ ഏകീകരിച്ച് നടപ്പിലാക്കുന്നതിന് ജില്ലാ തലത്തിൽ ക്രമീകരണം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഹയർ സെക്കന്ററി മേഖലയുടെ വളർച്ചയ്ക്ക് വളരെയധികം ഗുണം ചെയ്യുന്ന കരിയർ ഗൈഡൻസ്, സൗഹൃദ ക്ലബ്ബുകൾ എന്നിവ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളാണ്. ഓരോ വർഷവും ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയ്ക്ക് അനുസരിച്ചാണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതിക്ക് കൂടുതൽ തുക അനുവദിക്കുന്നപക്ഷം, കൂടുതൽ സ്കൂളുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കാവുന്നതാണ്.

സ്കൂളുകളിൽ അസാപ് പദ്ധതി നടപ്പിലാക്കുന്നത് അസാപ്പിന്റെ പ്രത്യേക ആഫീസ് വഴിയാണ്. കൂടുതൽ സ്കൂളുകളിലേക്ക് അസാപ് വ്യാപിപ്പിക്കുന്നത് അസാപ്പിന്റെ പരിഗണനാ വിഷയമാണ്. കരിയർ ഗൈഡൻസും സൗഹൃദ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും കൂടുതൽ സുസജ്ജമാക്കുന്നതിനും വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ കൺവീനർമാർക്കും റവന്യൂ ജില്ലാതലത്തിൽ കോ-ഓർഡിനേറ്റർ, ജോയിന്റ് കോ-ഓർഡിനേറ്റർമാർക്കും ഉത്തരവാദിത്വം ഏൽപ്പിച്ചിട്ടുള്ളതാണ്. അദ്ധ്യാപകർ സ്കൂളുകളിൽ പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതോടൊപ്പമാണ് ഈ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുള്ളത്.

(സർക്കാർ കത്ത് നമ്പർ 1347/യു 2/2016/പൊ.വി.വ. തീയതി 1-4-2016).

2-3-2017-ലെ യോഗത്തിൽ പരിഗണിച്ചവ

1. 2013-14 സാമ്പത്തിക വർഷം പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം സംബന്ധിച്ച റിപ്പോർട്ട്.
[ഫയൽ നമ്പർ 6983/സബ്.സി.ഇ 1/2014/നി.സെ.]

ശിപാർശ (ഖണ്ഡിക 69)

അങ്കണവാടികളുടെ സഹായത്തോടെ പ്രീപ്രൈമറി വിദ്യാഭ്യാസം കൂടുതൽ സർക്കാർ സ്കൂളുകളിൽ ആരംഭിക്കണമെന്നും പ്രീപ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രീപ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനും സംസ്ഥാനത്തെ പ്രീപ്രൈമറി/നഴ്സറി, അങ്കണവാടി തുടങ്ങിയവയിലെ വിദ്യാഭ്യാസം ഏകീകരിക്കുന്നതിനും ഒരു ഏകീകൃത കരിക്കുലം രൂപീകരിക്കാൻ സർക്കാർ തീരുമാനിക്കുകയും എസ്.സി.ഇ.ആർ.ടി ഡയറക്ടർ കൺവീനറായി ഒരു 6 അംഗ കരിക്കുലം കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച കരട് പാഠ്യപദ്ധതി പരിശോധിച്ച് ആവശ്യമായ ഭേദഗതികളോടെ സർക്കാർ അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

അങ്കണവാടികളുടെ സുഗമമായ പ്രവർത്തനങ്ങൾക്കുവേണ്ട എല്ലാ സഹായവും പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്ന് നൽകിവരുന്നു. സർക്കാർ സ്കൂളുകളോടനുബന്ധിച്ച് അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാണെങ്കിൽ ആയത് ലഭ്യമാക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കെട്ടിടം പണി നടത്തുന്നതിനും സ്ഥലം ലഭ്യമാക്കുന്നതിനും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ ക്ലാസ് റൂം ഒഴിവുള്ളപക്ഷം സ്കൂളിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത രീതിയിൽ അങ്കണവാടിക്കായി നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചു നൽകാനും ഡി.ഡി.ഇ.മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം സ്ഥലം/ക്ലാസ്റൂം അനുവദിക്കുന്നത് നിലവിൽ പ്രീപ്രൈമറികൾ പ്രവർത്തിക്കാത്ത സ്കൂളുകളിൽ മാത്രമാണ്.

(സർക്കാർ കത്ത് നമ്പർ 3202/പി 1/15/പൊ.വി.വ. തീയതി 27-10-2015).

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 33115 അങ്കണവാടികളിൽ 8776 അങ്കണവാടികൾ വാടക കെട്ടിടങ്ങളിലാണ് പ്രവൃത്തിക്കുന്നത്. പ്രസ്തുത 8776 അങ്കണവാടികളിൽ നിന്നും സൗകര്യപ്രദമായ സ്കൂൾ കോമ്പൗണ്ടുകളിൽ അങ്കണവാടികൾ ആരംഭിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 56/ബി 1/2016/സാ.നീ.വ. തീയതി 1-3-2017).

<u>ശിപാർശ (ഖണ്ഡിക 70)</u>

ലോവർ പ്രൈമറി, അപ്പർ പ്രൈമറി തലങ്ങളിൽ കുട്ടികൾ കൊഴിഞ്ഞുപോകുന്ന പ്രവണത തടയുന്നതിനായി കൂടുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ തുടങ്ങുന്നതുൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ എൽ. പി., യു. പി. സ്കൂളുകളിൽ കുട്ടികൾ കൊഴിഞ്ഞുപോകുന്ന പ്രവണത തടയുന്നതിനായി കൂടുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ നിശ്ചിത നിബന്ധനകൾക്ക് വിധേയമായി ആരംഭിക്കുന്നതിന് സ.ഉ. (കൈ) നമ്പർ 156/2012/പൊ.വി. തീയതി 22-5-2012 പ്രകാരം ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ

ബന്ധപ്പെട്ട സ്കൂൾ അധികൃതർ, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ, പരിശോധിച്ച് I,V,VIII എന്നീ സ്റ്റാൻഡേർഡുകളിൽ കുറഞ്ഞത് രണ്ട് ക്ലാസ്സ് ഡിവിഷനുകൾ അനുവദിക്കുന്നതിനുള്ള കുട്ടികൾ ഉണ്ടെങ്കിൽ അതിൽ ഒരു ഡിവിഷൻ ഇംഗ്ലീഷ് മീഡിയമാക്കി അനുവദിച്ച് ഉത്തരവ് നൽകിവരുന്നു.

മേൽ ഉത്തരവ് പ്രകാരം ഒരു മലയാളം മീഡിയം ഡിവിഷനെങ്കിലും ഉണ്ടെങ്കിൽ ഇംഗ്ലീഷ് മീഡിയം സമാന്തര ഡിവിഷൻ ആരംഭിക്കുന്നതിന് അനുമതി നൽകുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം ക്ലാസ്സിൽ പഠിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ താല്പര്യം കണക്കിലെടുത്താണ് മലയാളം ഡിവിഷനുകളുടെ എണ്ണം 2-ൽ നിന്ന് ഒന്നായി കുറച്ചത്. ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ഇല്ലാത്തതുമൂലം എൽ.പി., യു.പി., ഹൈസ്കൂൾ തലങ്ങളിൽ കുട്ടികൾ കൊഴിഞ്ഞുപോകുന്ന പ്രവണത തടയുന്നതിനായാണ് ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മാതൃഭാഷയ്ക്ക് പ്രാധാന്യം നൽകേണ്ടതുള്ളതിനാൽ മലയാളം മീഡിയം ഡിവിഷൻ നിലനിർത്തിക്കൊണ്ടുമാത്രമേ ഇംഗ്ലീഷ് മീഡിയം പഠനത്തിന് സൗകര്യം ഒരുക്കുവാൻ കഴിയുകയുള്ളൂ.

(സർക്കാർ കത്ത് നമ്പർ 2510/എഫ് 1/2015/പൊ.വി.വ. തീയതി 26-12-2015).

ടി വിഷയം ഐ.സി.ഡി.എസുമായി ബന്ധപ്പെട്ടതല്ല. പൊതു വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിഷയമാണ്.

(സർക്കാർ കത്ത് നമ്പർ 56/ബി 1/2016/സാ.നീ.വ. തീയതി 1-3-2017).

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്റ്റ് കമ്മിറ്റി VI.*

തിരുവനന്തപുരം,
2017 ജൂൺ 21.

<u>അനുബന്ധം</u>

## 25-7-2016-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2016 ജൂലൈ മാസം 25-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിൻെറ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ് ഒഫീഷ്യോ അംഗം ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രിയും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു :

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. കെ. സി. ജോസഫ്
3. ശ്രീ. പി. ജെ. ജോസഫ്
4. ശ്രീ. ആർ. രാജേഷ്
5. ശ്രീ. റ്റി. വി. രാജേഷ്
6. ശ്രീ. എം. സ്വരാജ്
7. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിൻറ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. വി. എസ്. സെന്തിൽ, അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെൻറ്
2. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്

3. ശ്രീ. മുഹമ്മദ് ഹനീഷ്, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
4. ശ്രീ. ബി. എസ്. മാവോജി, കമ്മീഷണർ ഓഫ് എൻട്രൻസ് എക്സാമിനേഷൻസ്
5. ശ്രീ. ജെയിംസ് ജോസഫ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീമതി സജിനി, എസ്. അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
7. ശ്രീമതി എം. പെണ്ണമ്മ, ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. (ബിൽഡിംഗ്സ്)
8. ശ്രീ. എ. ആർ. തമ്പാൻ, ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ് ആൻറ് (ഡയറക്ടർ ഇൻ-ചാർജ്) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ്
9. ശ്രീ. ഷെയ്ക്ക് പരീത്, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കൊളീജിയറ്റ് എഡ്യൂക്കേഷൻ
10. ശ്രീമതി റോസമ്മ ജേക്കബ് കെ., ഡയറക്ടർ, എൽ.ബി.എസ്. സെൻറർ ഫോർ സയൻസ് ആൻറ് ടെക്നോളജി
11. ഡോ. ഗിരീഷ് കുമാർ, ഡയറക്ടർ, സെൻറർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ
12. ഡോ. പി. സുരേഷ് കുമാർ, ഡയറക്ടർ, ഐ.എച്ച്.ആർ.ഡി.
13. ഡോ. കെ. വിജയകുമാർ, ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ
14. ശ്രീ. മനോജ് ബാബു, അഡീഷണൽ ഡയറക്ടർ (ഫിനാൻസ്), കേരള സ്റ്റേറ്റ് സെൻറർ ഫോർ അഡ്വാൻസ്ഡ് പ്രിൻറിംഗ് ആൻറ് ട്രെയിനിംഗ്
15. ഡോ. ബാലചന്ദ്രൻ കീഴോത്ത്, രജിസ്ട്രാർ, കണ്ണൂർ യൂണിവേഴ്സിറ്റി
16. ഡോ. ഡേവിഡ് പീറ്റർ എസ്., രജിസ്ട്രാർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജി
17. ഡോ. രവീന്ദ്രൻ ജെ.പി., രജിസ്ട്രാർ, ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി
18. ശ്രീ. സുബാഷ് ജോൺ മാത്യു, രജിസ്ട്രാർ, കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ
19. ഡോ. കുട്ടികൃഷ്ണൻ എ. പി., ഡയറക്ടർ, സർവ്വശിക്ഷാ അഭിയാൻ
20. ശ്രീ. കെ.വി. മോഹൻകുമാർ, ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ

21. ശ്രീ. കെ.പി. നൗഫൽ, ഡയറക്ടർ, വി.എച്ച്.എസ്.ഇ.

22. ഡോ. പി.എ. ഫാത്തിമ, ഡയറക്ടർ, സീ-മാറ്റ്

23. ശ്രീ. ജെ. പ്രസാദ്, ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

24. ശ്രീമതി എം.എസ്. ജയ, ഡയറക്ടർ, ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ

25. ശ്രീ. അബ്രാഹം ജെ. പുതുമന, ഫിനാൻസ് ഓഫീസർ, മഹാത്മാഗാന്ധി സർവ്വകലാശാല

26. ശ്രീ. ജോൺ ബോസ്കോ ജെ., ഡെപ്യൂട്ടി രജിസ്ട്രാർ, കേരള സർവ്വകലാശാല

വിദ്യാഭ്യാസ മേഖലയുടെ നവീകരണത്തിനായുള്ള വിവിധ പദ്ധതികളെക്കുറിച്ചും അവയ്ക്കായി അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതത്തെക്കുറിച്ചും ചെയർമാൻ ആമുഖമായി പറഞ്ഞു.

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിൽ വരുന്ന പൊതു വിദ്യാഭ്യാസം, ആസൂത്രണ സാമ്പത്തികകാര്യം, ഉന്നതവിദ്യാഭ്യാസം, സാംസ്കാരികകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2202, 2203 എന്നീ ശീർഷകങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

കണ്ണൂർ, കാസർഗോഡ്, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ എസ്.സി. / എസ്.ടി. കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 10 സ്കൂളുകൾക്ക് 50 ലക്ഷം രൂപ നിരക്കിൽ 5 കോടി രൂപയും അദ്ധ്യാപകർക്ക് ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങളിൽ കൂടുതൽ മികവ് ലഭിക്കുന്നതിന് യൂണിവേഴ്സിറ്റി, വിവിധ വിദഗ്ധ ഏജൻസികൾ എന്നിവവഴി കോഴ്സുകൾ നൽകുന്നതിന് 2 കോടി രൂപയും അപ്രകാരം ആകെ 7 കോടി രൂപ ബഡ്ജറ്റ് വിഹിതത്തിനുപുറമെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി 60% കേന്ദ്രാവിഷ്കൃത പദ്ധതിയാണെന്നും 197 കോടി രൂപ കേന്ദ്ര ഗവൺമെന്റ് ഇതിനായി വകയിരുത്തിയിട്ടുണ്ടെന്നും അതുകൊണ്ട് സംസ്ഥാനം ആനുപാതികമായി എടുക്കേണ്ട തുക 60:40 എന്നുള്ള ആനുപാതത്തിലാണെന്നും ഉച്ചഭക്ഷണത്തിന് ഒരു കുട്ടിക്ക് 6 രൂപ എന്ന നിരക്ക് 8 രൂപയാക്കി വർദ്ധിപ്പിച്ചതിനാൽ 32 കോടി രൂപ അധികമായി ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, ഇതിനായി 32 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ ആധുനികവൽക്കരണത്തിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 380 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സംസ്ഥാനത്തെ ഹയർ സെക്കൻററി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി അദ്ധ്യാപക ശാക്തീകരണത്തിനുള്ള പരിശീലന പരിപാടികൾക്ക് 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സംസ്ഥാനത്ത് സ്കൂൾ തലത്തിൽ വിദ്യാഭ്യാസ മികവ് ഉറപ്പുവരുത്തുന്നതിനും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നവർക്ക് പരിശീലനം നൽകുന്നതിനും ബഡ്ജറ്റ് വിഹിതത്തിനു പുറമേ 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള 'ആശ്വാസ് ' പദ്ധതി ഓരോ നിയോജകമണ്ഡലത്തിലെയും ഏഴ് സ്കൂളുകളിലാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിരിക്കുന്നതെന്നും പ്രസ്തുത പദ്ധതിക്കുവേണ്ടി 500 ലക്ഷം രൂപ അധികമായി ആവശ്യമാണെന്നും ആയത് ലഭിക്കുകയാണെങ്കിൽ 2000 സ്കൂളുകൾക്ക് 50,000 രൂപ വീതം നല്കുവാൻ കഴിയുമെന്നും എൽ.പി. സ്കൂളുകളെ ബയോഡൈവേഴ്സിറ്റി കാമ്പസ്സുകളാക്കി മാറ്റുന്നതിന് പ്രസ്തുത തുക വിനിയോഗിക്കാവുന്നതാണെന്നും ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ സമിതിയെ ബോധിപ്പിച്ചു. തെരഞ്ഞെടുക്കപ്പെട്ട 2000 ലോവർ പ്രൈമറി സ്കൂളുകളിൽ ജൈവ വൈവിദ്ധ്യ കാമ്പസ് സൃഷ്ടിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച 500 ലക്ഷം രൂപയ്ക്ക് പുറമേ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

അനൗപചാരിക വിദ്യാഭ്യാസ മേഖലയ്ക്കായി 15 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും അതിൽ 325 ലക്ഷം രൂപ ശമ്പള ഇനത്തിലും ബാക്കി ശമ്പളേതര ഇനത്തിലുമാണുള്ളതെന്നും പ്രാഥമിക സാക്ഷരതാ പ്രവർത്തനത്തിനുവേണ്ടി വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപ അപര്യാപ്തമാണെന്നും ഇത് 75 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നും സംസ്ഥാനത്താകെയുള്ള ആദിവാസികൾക്കിടയിൽ സാക്ഷരതാ പ്രവർത്തനം സമഗ്രമായി നടത്തുന്നതിനായി 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്നും, തീരദേശ മേഖലയിലെ 'അക്ഷരസാഗരം' പ്രോജക്ടിനുവേണ്ടി 20 ലക്ഷം രൂപ അനുവദിക്കണമെന്നും ശമ്പളയിനത്തിൽ അനുവദിച്ചിട്ടുള്ള 325 ലക്ഷം രൂപ 400 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നും അപ്രകാരം ആകെ 190 ലക്ഷം രൂപ അധികമായി ആവശ്യമാണെന്നും ഹയർ സെക്കണ്ടറി എഡ്യുക്കേഷൻ ഡയറക്ടറിൽ നിന്നും സമിതി മനസ്സിലാക്കി.

തുടർ വിദ്യാഭ്യാസ പരിപാടികൾ, സാക്ഷരതാ പ്രവർത്തനങ്ങൾ, അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള പ്രത്യേക നിരക്ഷരതാ നിർമ്മാർജ്ജന പദ്ധതികൾ

എന്നിവയ്ക്കു പുറമേ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ തീരദേശ നിവാസികളുടെ നിരക്ഷരതാ നിർമ്മാർജ്ജനത്തിനും തൊഴിൽ പരിശീലനങ്ങൾക്കുമായി ആരംഭിച്ച 'അക്ഷര സാഗരം ' എന്ന പുതിയ പദ്ധതിക്കുമായി ബഡ്ജറ്റ് വിഹിതത്തിനു പുറമെ 190 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

SCERT-യ്ക്ക് ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 5 കോടി രൂപയും അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യു.

സീ-മാറ്റ് ഈ അദ്ധ്യയന വർഷം നടത്തുവാൻ ഉദ്ദേശിക്കുന്ന വിവിധ പരിശീലന പരിപാടികൾക്കായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സബ് ജില്ലാ തലത്തിലുള്ള കായികമത്സരങ്ങൾക്ക് അനുവദിക്കുന്ന തുക വളരെ പരിമിതമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആവശ്യമുള്ള തുക സംബന്ധിച്ച് കൃത്യമായി ചർച്ച ചെയ്യുതിനുശേഷമാണ് അടുത്ത പ്ലാൻ പ്രൊപ്പോസൽ കൊടുക്കേണ്ടതെന്നും എങ്കിൽ മാത്രമേ ബഡ്ജറ്റിൽ അനുവദിക്കുകയുള്ളുവെന്നും സമിതി നിർദ്ദേശിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പിന് പ്രത്യേകമായി ഉപജില്ലാതല കായിക കലാ മത്സരങ്ങളുടെ നടത്തിപ്പിനായി ലഭിക്കുന്ന തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ കൂടി ഈ ആവശ്യത്തിലേക്കായി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സർക്കാർ ലോവർ പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രവേശന പരീക്ഷാ കമ്മീഷണറേറ്റിന്റെ ഓഫീസ് ചെലവ്, വാടക, കരം, നികുതി എന്നിവയുടെ കടിശ്ശിക തീർക്കുന്നതിനായി 47.26 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കോഴിക്കോട് സർവ്വകലാശാല ലക്ഷ്യമിട്ട പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി പദ്ധതിയിനത്തിൽ 700 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു. കൂടാതെ പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയതിന്റെ ഭാഗമായി നൽകാനുള്ള ശമ്പളവും മറ്റ് അലവൻസുകളും കൊടുത്തു തീർക്കുന്നതിന് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 30 കോടി രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ വിവിധ വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി പദ്ധതിയിനത്തിൽ 125 ലക്ഷം രൂപയും ശമ്പളം, പെൻഷൻ, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 3623 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് പദ്ധതിയിനത്തിൽ 11 കോടി രൂപയും, പദ്ധതിയേതര ഇനത്തിൽ 7.14 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ RIDF സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഫൈൻ ആർട്സ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 500 ലക്ഷം രൂപ, ബഡ്ജറ്റ് വിഹിതത്തിനുപുറമെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കണ്ണൂർ സർവ്വകലാശാലയുടെ താവക്കര ക്യാമ്പസിൽ ഗസ്റ്റ് ഹൗസ് നിർമ്മാണത്തിനായി 5 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സർവ്വകലാശാലയിലെ ദിവസ വേതനം/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 1-4-2016 മുതൽ 31-3.-2017 വരെ വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനം വിതരണം ചെയ്യുന്നതിലേക്കായി 278.96 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

എറണാകുളം ലോ കോളേജിന് ടൂർ യാത്രാബത്ത, ട്രാൻസ്ഫർ യാത്രാബത്ത എന്നിവയ്ക്ക് 50,000 രൂപ വീതവും, ലീവ് ട്രാവൽ കൺസഷന് 28,000 രൂപയും ബഡ്ജറ്റ് വിഹിതത്തിനുപുറമെ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കോഴിക്കോട് ലോ കോളേജിലെ ഹോസ്റ്റൽ പുനരുദ്ധാരണത്തിന് '(34)—മറ്റ് ചെലവുകൾ' എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ '(05) —2 വൈദ്യുതി ചെലവ് ' ഇനത്തിന് ഒരു ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സെൻറർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരളയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് , പൊന്നാനി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, കണ്ടറ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മൂന്നാർ, കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി, കോഴിക്കോട് എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ബഡ്ജറ്റ് വിഹിതത്തിനുപുറമെ 931 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ലൈബ്രറി സൗകര്യങ്ങൾ ടെക്നിക്കൽ ഹൈസ്കൂളുകളിൽക്കൂടി വ്യാപിപ്പിക്കുന്നതിന് 50 ലക്ഷം രൂപ അധികമായി ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി, സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ലൈബ്രറികൾ നവീകരിക്കുക, ഡിജിറ്റലൈസ് ചെയ്യുക എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി 50 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

എം.ടെക്., പി.എച്ച്.ഡി. എന്നിവയ്ക്ക് സ്പോൺസർ ചെയ്യുന്ന ഫാക്കൽറ്റികളുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിന് 75 ലക്ഷം രൂപ അധികമായി ആവശ്യമാണെന്നും എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്ക് കോളേജുകളിലെയും ഫാക്കൽറ്റി വികസനത്തിനും മറ്റ് അനുബന്ധകാര്യങ്ങൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും മനസ്സിലാക്കിയ സമിതി, ഇതിനായി 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല ധാരാളം പുതിയ കോഴ്സുകൾ തുടങ്ങിയതിനാൽ പ്ലാൻ ഇനത്തിൽ 14.46 കോടി രൂപയും ശമ്പളം, പെൻഷൻ എന്നിവയുടെ കടിശ്ശിക നല്കുന്നതിന് നോൺ പ്ലാൻ ഇനത്തിൽ 8.37 കോടി രൂപയും സർവ്വകലാശാലയ്ക്ക് അധികമായി ആവശ്യമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ നാക് (NACC) അംഗീകാരവുമായി ബന്ധപ്പെട്ട് കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് പൂർത്തീകരിക്കേണ്ട അടിസ്ഥാന പശ്ചാത്തല സൗകര്യ വികസന പ്രവൃത്തികൾക്കായി പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 14.46 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു. ജീവനക്കാരുടെ വേതനം, പെൻഷൻ, DCRG എന്നിവയുടെ കടിശ്ശിക തീർക്കുന്നതിനായും അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനായും ബഡ്ജറ്റ് വിഹിതത്തിനുപുറമെ 837 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

താൽക്കാലിക ഷെഡ്ഡുകളിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹൈസ്കൂളുകൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനായി 500 ലക്ഷം രൂപ കൂടി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കി. വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നതും അടുത്ത കാലത്ത് സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചതുമായ ടെക്നിക്കൽ ഹൈസ്കൂളുകളിൽ ആധുനിക ഉപകരണങ്ങളും യന്ത്രസാമഗ്രികളും വാങ്ങുന്നതിനും പഴയ ടെക്നിക്കൽ ഹൈസ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കും ബഡ്ജറ്റിൽ അനുവദിച്ച 400 ലക്ഷത്തിന് പുറമെ 500 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനും അതിനോടനുബന്ധിച്ച് സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, ആധുനിക ഫിറ്റ്നസ് സെന്ററുകൾ എന്നിവയുടെ നിർമ്മാണത്തിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ ഇതിലേക്കായി അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചുകൾ നിലനിൽക്കുന്ന പോളിടെക്നിക്ക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പദ്ധതി വിഹിതം തികച്ചും അപര്യാപ്തമായതിനാൽ അതിനായി ഒരു കോടി രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും കെ-ബെയ്സ് ഡിജിറ്റൽ സംവിധാനം വ്യാപിപ്പിക്കുക, ഗവേഷണ പദ്ധതികൾക്കുള്ള കലവറ സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ ഉൾപ്പെടുന്ന ' എഡ്യുക്കേഷൻ റിസോഴ്സ് സെന്റർ ' എന്ന സ്കീമിന് 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

എഞ്ചിനീയറിംഗ് കോളേജുകളിൽ ക്യു.ഐ.പി. സെൻററുകൾക്ക് വേണ്ടിയുള്ള ലബോറട്ടറിയുടെ ആധുനീകരണം, ലൈബ്രറി സൗകര്യങ്ങൾ, ക്യു.ഐ.പി. ഗവേഷണ വിദ്യാർത്ഥികൾക്കുവേണ്ടി കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഐ.എച്ച്.ആർ.ഡി.-ക്ക് നോൺ പ്ലാനിൽ ശമ്പളത്തിനായി പ്രത്യേക ഹെഡ്സ് ഓഫ് അക്കൗണ്ട് ഇല്ലെന്നും പേ റിവിഷൻ, എഞ്ചിനീയറിംഗ് കോളജ് അദ്ധ്യാപകരുടെ ഇൻക്രിമെൻറ് എന്നിവ നല്കുന്നതിനും ഓവർഡ്രാഫ്റ്റ് തിരിച്ചടയ്ക്കുന്നതിനുമായി 31.33 കോടി രൂപ അധികമായി ആവശ്യമാണെന്നും ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. അടുത്ത വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ നോൺ പ്ലാൻ ഹെഡ്സ് ഓപ്പൺ ചെയ്യുന്നതിനുള്ള നിർദ്ദേശം വയ്ക്കണമെന്നും സാലറിക്കുവേണ്ടി നോൺ പ്ലാനിൽ ഹെഡ്സുണ്ടാക്കാൻ ശ്രമിക്കണമെന്നും സമിതി നിർദ്ദേശിച്ചു

വികസനത്തിനു വളരെയേറെ സാധ്യതയുള്ള ഐ.എച്ച്.ആർ.ഡി. ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം ഇപ്പോഴും പദ്ധതി ഇനത്തിൽ വകയിരുത്തിയിരിക്കുന്നതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തി. അടുത്ത ബഡ്ജറ്റിൽ ഈ ആവശ്യത്തിലേക്കായി പുതിയ ഒരു പദ്ധതിയേതര ഹെഡ്സ് ആരംഭിക്കണമെന്നും ഈ സാമ്പത്തിക വർഷത്തെ ശമ്പളപരിഷ്കരണം ഉൾപ്പെടെയുള്ള ശമ്പള ഇനത്തിൽ വരുന്ന ചെലവുകൾ പദ്ധതിയിനത്തിൽ വകയിരുത്തണമെന്നും ഇതിലേക്കായി 30 കോടി രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

പൂജപ്പുര എൽ.ബി.എസ്. ഐ.റ്റി.ഡബ്ല്യു.-ലെ ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണത്തിന് 330 ലക്ഷം രൂപയും കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിൽ ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി 220 ലക്ഷം രൂപയും എന്ന പ്രകാരം ആകെ 550 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന സൂപ്പർവൈസറി ഡെവലപ്മെൻറ് സെൻററിൽ ആരംഭിക്കുന്ന ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെൻററിനായി 100 ലക്ഷം രൂപ അധികമായി ആവശ്യമാണെന്ന് ടെക്നിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു. പുതുതായി വിജയിച്ചുവരുന്ന എഞ്ചിനീയറിംഗ് ഡിപ്ലോമ/ബിരുദധാരികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനായി

ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഇതിനായി ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

പബ്ലിക് സർവ്വീസ് കമ്മീഷനിലും പൊതുമേഖലാ സ്ഥാപനങ്ങളിലും അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ കമ്പ്യൂട്ടർ കഴിവുകൾ പരിശോധിക്കുന്നതിന് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എലിജിബിലിറ്റി ടെസ്റ്റ് നടത്തുന്നതിന് ആവശ്യമായി വരുന്ന സർവർ വാടക, സോഫ്റ്റ്‌വെയർ വികസനം, ചോദ്യാവലി തയ്യാറാക്കൽ, സേവനമനുഷ്ഠിക്കുന്നവർക്കുള്ള വേതനം, പരീക്ഷകൾ സംഘടിപ്പിക്കൽ, വാല്യുവേഷൻ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് നൽകൽ തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കു പുറമെ ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നാഷണൽ കേഡറ്റ് കോർ വിഭാഗത്തിന്റെ യാത്രാബത്ത, ടെലഫോൺ ചാർജ്ജ്, വാടക, ഓഫീസുകളിലെ കംപ്യൂട്ടർ നവീകരണം എന്നിവയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 86 ലക്ഷം രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന സെൻട്രൽ ലൈബ്രറിയുടെ നടപ്പുവർഷത്തെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കോഴിക്കോട് ലോ കോളേജിലെ ക്ലാസ് റൂം, പരീക്ഷാഹാൾ എന്നിവയുടെ നിർമ്മാണത്തിനായി 2 കോടിയും, മൂട്ട് കോർട്ട് ഹാൾ നിർമ്മാണത്തിനായി 5 കോടിയും എന്ന പ്രകാരം ആകെ 7 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്ത പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 7 കോടി രൂപ അധികമായി അനുവദിക്കുവാൻ സമിതി ശിപാർശ ചെയ്യു.

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്യുന്ന രീതിയിൽ കുട്ടികളിൽ വിജ്ഞാനവും സർഗ്ഗാത്മകവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ നടത്തിപ്പിനും ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ, ഭരണ ചെലവുകൾ തുടങ്ങിയവയ്ക്കുള്ള ചെലവുകൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 53 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 168.51 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻെറ കോഴിക്കോട് റീജിയണൽ സെന്ററിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനും ജീവനക്കാരുടെ വേതനം, ഡി. എ. കുടിശ്ശിക എന്നിവ നൽകുന്നതിനുമായി പദ്ധതിയിനത്തിൽ 272 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 1 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിവിധ പുസ്തകമേളകൾ നടത്തുന്നതിനും പുതിയ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കേന്ദ്ര ഓഫീസ്, സഞ്ചരിക്കുന്ന പുസ്തകശാലകൾ എന്നിവയുടെ നവീകരണത്തിനുമായി കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് പദ്ധതിയിനത്തിൽ 2 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 69,40,420 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ശമ്പളം/വേതനം, ഓഫീസ് വാടക, യാത്രാ ചെലവ്, മറ്റ് ഓഫീസ് ചെലവുകൾ തുടങ്ങിയ ആവശ്യങ്ങളിലേക്കായി മലയാളം മിഷന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഉച്ചയ്ക്കുശേഷം 12.50 -ന് യോഗം പിരിഞ്ഞു.

## 3-8-2016-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2016 ആഗസ്റ്റ് മാസം 3-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിൻെറ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗങ്ങളായ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ, ബഹു. വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ, പ്രത്യേക ക്ഷണിതാവായി ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. കെ. സി. ജോസഫ്
3. ശ്രീ. ആർ. രാജേഷ്
4. ശ്രീ. റ്റി.വി. രാജേഷ്

5. ശ്രീ. എം. സ്വരാജ്

6. ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
2. ശ്രീ. മുഹമ്മദ് ഹനീഷ്, സെക്രട്ടറി, കായിക വകുപ്പ്
3. ശ്രീ. വേണുഗോപാൽ റ്റി., അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
4. ശ്രീ. ജെയിംസ് ജോസഫ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീമതി സജിനി, എസ്., അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
6. ശ്രീ. പി. എസ്. കൃഷ്ണകുമാർ, ഡയറക്ടർ, സാംസ്കാരികകാര്യ ഡയറക്ടറേറ്റ്
7. ശ്രീ. റെജികുമാർ, ഡയറക്ടർ, ആർക്കൈവ്സ് ഡയറക്ടറേറ്റ്
8. ശ്രീ. കെ. ഗംഗാധരൻ, ഡയറക്ടർ, മ്യൂസിയം - മൃഗശാല ഡയറക്ടറേറ്റ്
9. ശ്രീ. സഞ്ജയൻകുമാർ, ഡയറക്ടർ, കായിക യുവജനകാര്യ ഡയറക്ടറേറ്റ്
10. ശ്രീ. ജി. പ്രേംകുമാർ, ഡയറക്ടർ, ആർക്കിയോളജി ഡയറക്ടറേറ്റ്
11. ശ്രീ. ഷെയ്ക്ക് പരീത്, ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്
12. ശ്രീമതി പി.കെ. ശോഭന, സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
13. ശ്രീ. പയ്യന്നൂർ രമേശ് പൈ, ചെയർമാൻ, കൊങ്കണി സാഹിത്യ അക്കാദമി
14. ശ്രീ. സി. ആർ. രാജ് മോഹൻ, സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി
15. ശ്രീ. എസ്. ശ്രീനിവാസൻ, സെക്രട്ടറി, മാർഗി

16. ശ്രീ. പി. അപ്പുക്കുട്ടൻ, സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

17. ശ്രീ. പി. വി. ലവ്‌ലിൻ, സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി

18. ശ്രീ. വക്കം സുകുമാരൻ, സെക്രട്ടറി, തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്

19. ശ്രീ. റ്റി. വേണുകുമാർ, സെക്രട്ടറി-ഇൻ-ചാർജ്ജ്, ഗുരു ഗോപിനാഥ് നടനഗ്രാമം

20. ശ്രീ. ഇ. ദിനേശൻ, രജിസ്ട്രാർ, പൈതൃക പഠനകേന്ദ്രം

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി സമിതി ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിൽ വരുന്ന ഉന്നത വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട 2204, 2205, 4202 എന്നീ ശീർഷകങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

കേരള കലാമണ്ഡലത്തിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ ചെലവുകളിൽ വന്ന വർദ്ധനവ് പരിഹരിക്കുന്നതിന് പദ്ധതിയിനത്തിൽ 500 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, ശമ്പള പരിഷ്കരണ കുടിശ്ശിക, കറന്റ്ചാർജ്ജ് എന്നീ ചെലവുകളിലേക്കായി പദ്ധതിയേതരയിനത്തിൽ 600 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ജവഹർ ബാലഭവന്റെ പ്രധാന ഗേറ്റ് മുതലുള്ള റോഡും മുറ്റവും ഇന്റർലോക്ക് ചെയ്യുന്നതിനും കുട്ടികളുടെ ലൈബ്രറി നവീകരണം, ക്ലേ മോഡലിംഗ് ക്ലാസ്സ് നിർമ്മാണം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുമായി അനുവദിച്ച ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 79.8 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 193.4 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഓരോ ജില്ലാ കേന്ദ്രങ്ങളിലും അതത് പ്രദേശത്തെ പ്രമുഖ കലാ/സാഹിത്യ നായകന്മാരുടെ പേരിൽ സ്മാരകങ്ങൾ / സാംസ്കാരിക കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി 1 കോടി രൂപ വീതം അനുവദിക്കണമെന്നും കൊല്ലങ്കോട് പി. കുഞ്ഞിരാമൻ സ്മാരകത്തിനും ലക്കിടിയിൽ മഹാകവി കുഞ്ചൻനമ്പ്യാർ സ്മാരകത്തിനും 25 ലക്ഷം രൂപ വീതം അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

പ്രമുഖരായ കലാകാരന്മാരുടേയും സാഹിത്യകാരന്മാരുടേയും സ്മാരകങ്ങൾക്ക് ധനസഹായം നൽകുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് അഭിപ്രായപ്പെട്ട സമിതി, വക്കം മൗലവി ഫൗണ്ടേഷൻ, തിരുവനന്തപുരം എന്ന

സ്ഥാപനത്തിന് 5 ലക്ഷം രൂപ ആവർത്തന ധനസഹായം നൽകുന്നതിന് ഉത്തരവായിട്ടുള്ളതിനാൽ ഇതിനായി 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 50% വർദ്ധനവ് ലഭിക്കത്തക്ക വിധത്തിൽ കേരള സാഹിത്യ അക്കാദമിക്കായി പദ്ധതിയിനത്തിലും പദ്ധതിയേതര ഇനത്തിലും അധിക തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കാക്കണ്ണപ്പാറ കലാഗ്രാമത്തിന്റെ വികസനത്തിനുവേണ്ടി ബഡ്ജറ്റിൽ പ്രഖ്യാപിച്ച 50% വർദ്ധനവ് അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

അന്തർദേശീയ നാടകോത്സവത്തിന്റെ നടത്തിപ്പിനായി പദ്ധതിയിനത്തിലും ശമ്പളപരിഷ്കരണത്തിനായി പദ്ധതിയേതരയിനത്തിലും അനുവദിച്ച തുകയ്ക്ക് പുറമേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 50% വർദ്ധനവ് ലഭിക്കത്തക്കവിധം കേരള സംഗീത നാടക അക്കാദമിക്ക് അധിക തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നൃത്ത നാടക സംഗീത സംഘടനകൾക്കും മറ്റ് കലാസാംസ്കാരിക സംഘടനകൾക്കും ധനസഹായം എന്ന ശീർഷകത്തിൽ കാർട്ടൂൺ അക്കാദമിക്ക് വാർഷിക ഗ്രാന്റ് നൽകുന്നതിനായി 90,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേന്ദ്രസർക്കാരിന്റെ നയപരമായ തീരുമാനത്തിൽ വന്ന വ്യതിയാനംമൂലം കഥകളി / കൂടിയാട്ടം കലാകാരന്മാർക്ക് ഈ സാമ്പത്തിക വർഷം മുതൽ ഗ്രാന്റ് ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനും ഇരയിമ്മൻ തമ്പി രചിച്ച മൂന്ന് ആട്ടകഥകളും സ്പാനിഷ് എഴുത്തുകാരനായ സെർവാഞ്ചീസിന്റെ 'ഡോൺ ക്വിക്സോട്ട് ' ആട്ടകഥയാക്കി അവതരിപ്പിക്കുന്നതിനുമായി മാർഗി സഹായധനം-ശമ്പളേതരം എന്ന ശീർഷകത്തിൽ 15 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ഗുരു ഗോപിനാഥ് നടനഗ്രാമത്തിൽ ചിലമ്പൊലി, ആഡിറ്റോറിയം മേൽക്കൂര നിർമ്മാണം, പ്രവേശനകവാട നിർമ്മാണം, ഗാർഡനിംഗ്, മെയിന്റനൻസ് എന്നിവയ്ക്കായും ദേശീയ നൃത്തമ്യൂസിയവുമായി ബന്ധപ്പെട്ട സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുന്നതിനായും പദ്ധതിയിനത്തിൽ 72 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു. കരാർ അടിസ്ഥാനത്തിൽ നിലവിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ പ്രതിമാസ വേതനം 12000 രൂപയിൽ നിന്ന് 25,000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി പദ്ധതിയേതര യിനത്തിൽ 19.60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

അന്തർദേശീയ ചലച്ചിത്രോത്സവം, ദേശീയ ചലച്ചിത്രമേളകൾ, അന്തർദേശീയ ഹ്രസ്വ ചലച്ചിത്രമേള, മലയാള സിനിമയുടെ പ്രോത്സാഹന പരിപാടി, ടെലിവിഷൻ മാധ്യമം, ഫിലിം ലൈബ്രറി നവീകരണം, ടൂറിംഗ് ടാക്കീസ് പരിപാടി എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 190 ലക്ഷം രൂപയും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് പദ്ധതിയേതരയിനത്തിൽ 63.83 ലക്ഷം രൂപയും കൂടാതെ, കേരളത്തിൽ നടക്കുന്ന അന്തർദേശീയ ഫിലിം മേളയ്ക്ക് 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള ഫോക്‌ലോർ അക്കാഡമിയുടെ പ്രധാന പഠന ഗവേഷണ കേന്ദ്രങ്ങളായ ട്രാവൻകൂർ ഫോക് വില്ലേജ്, വാദ്യോപകരണ മ്യൂസിയം, ക്ഷേത്രകലകളുടെ പഠന ഗവേഷണ കേന്ദ്രം, പൂരക്കളി അക്കാഡമി, കണ്ണൂപുരം കലാഗ്രാമം എന്നിവയുടെ വികസനത്തിനും അക്കാഡമി സംഘടിപ്പിക്കുന്ന പ്രധാനപ്പെട്ട പരിപാടികളിൽ പങ്കെടുക്കുന്നതിനുമായി 9 കോടി രൂപ അധികമായി ആവശ്യമാണെന്ന് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഫോക്‌ലോർ അക്കാഡമിയുടെ സുഗമമായ നടത്തിപ്പിനായി ബഡ്ജറ്റ് വിഹിതത്തിനു പുറമേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 50 % വർദ്ധനവ് വരത്തക്കവിധം അധികതുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കുമുള്ള ധനസഹായത്തിനായി 2.4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വാസ്തുവിദ്യാ ഗുരുകുലത്തിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ചിത്രാഞ്ജലി സ്റ്റുഡിയോയുടെ സാങ്കേതിക സഹായത്തോടെ നിർമ്മിച്ച ചലച്ചിത്രങ്ങൾക്കും ഡോക്യുമെന്ററി, ഹ്രസ്വ ചിത്രങ്ങൾക്കും സബ്‌സിഡി ഇനത്തിലെ കുടിശ്ശിക നൽകുന്നതിനും 60 മലയാള ചിത്രങ്ങൾക്ക് സബ്‌സിഡി തുകയായ 5 ലക്ഷം രൂപ വീതം നൽകേണ്ടതിനും 4.58 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമിയിലെ വികസന പ്രവർത്തനങ്ങൾക്കും മാപ്പിളകലാ സാഹിത്യ പ്രവർത്തനങ്ങൾക്കുമായി 250 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കുമാരനാശാൻ ദേശീയ സാംസ്കാരിക പൈതൃക മ്യൂസിയം നിർമ്മാണം, ഭൗതിക സൗകര്യ വികസനം, ആശാൻകൃതികളുടെ പ്രസിദ്ധീകരണം, വിവർത്തനം, ആശാൻ ഗ്രന്ഥസൂചി തയ്യാറാക്കൽ തുടങ്ങിയവയ്ക്കായി പദ്ധതിയിനത്തിൽ 171 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങൾ നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 5 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം ) അടിസ്ഥാന വികസനം നടത്തി വരുമാനം വർദ്ധിപ്പിച്ച് വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനായി പദ്ധതിയിനത്തിൽ 73 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 36 ലക്ഷം രൂപയും ചേർത്ത് 109 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ജീവനക്കാരുടെ വേതന നിരക്കിലുണ്ടായ വർദ്ധനവും ഓഫീസ് ആട്ടോമേഷൻ ചാർജ്ജിനത്തിൽ കെൽട്രോണിനുനൽകേണ്ട കുടിശ്ശിക തുക നൽകുന്നതിലേക്കുമായി കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട് എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പ്രശസ്തരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും നാമധേയത്തിലുള്ള സ്മാരകങ്ങളുടെ പുനരുജ്ജീവനത്തിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മൂന്ന് താൽക്കാലിക ജീവനക്കാരെ നിയമിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഓഫീസ് മുറിയുടെ വാടക നൽകുന്നതിനും കൊങ്കണി ഭാഷയിൽ സാഹിത്യം, കല, വിദ്യാഭ്യാസ രംഗങ്ങളിലെ പ്രവർത്തനങ്ങൾ എന്നിവയ്ക്കുമായി പദ്ധതിയിനത്തിൽ 67.84 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 125 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പള പരിഷ്കരണം, ഡി.എ, ഡി.ആർ. വർദ്ധനവ് എന്നിവ നൽകുന്നതിനായി കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് പദ്ധതിയേതരയിനത്തിൽ 524.57 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ലൈബ്രറി കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനായി പദ്ധതിയിനത്തിൽ 118 ലക്ഷം രൂപയും ആസ്ഥാന മന്ദിരനിർമ്മാണം, ലൈബ്രറികൾക്കുള്ള ഗ്രാന്റ് വർദ്ധനവ്, ലൈബ്രേറിയൻ അലവൻസ് വർദ്ധനവ് എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 4065.05 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിവിധ സാംസ്കാരിക സ്ഥാപനങ്ങളിലെ വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ വിതരണത്തിനായി 50 ലക്ഷം രൂപയും പെൻഷൻ പരിഷ്കരണത്തിനായി 100 ലക്ഷം രൂപയും 2016-17 വർഷം വിരമിക്കുന്നവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി 100 ലക്ഷം രൂപയും ചേർത്ത് ആകെ 250 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ആധുനിക രീതിയിലുള്ള ഷൂട്ടിംഗ് സെറ്റുകളുടെ നിർമ്മാണത്തിനും നോർത്ത് പറവൂർ തിയേറ്ററിന്റെ നവീകരണത്തിനുമായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് രണ്ടു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിവിധ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി നിയമിക്കേണ്ടിവരുന്ന ജീവനക്കാരുടെ വേതനം, യാത്രാബത്ത, അവധിയാത്രാനുകൂല്യം, വെള്ളക്കരം, വൈദ്യുതി, മറ്റിനം തുടങ്ങിയവയ്ക്കുള്ള ചെലവുകൾക്ക് 34.20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

പൈതൃക പഠന കേന്ദ്രത്തിനു കീഴിലുള്ള മാൻ പാർക്കിന്റെ അംഗീകാരം റദ്ദാക്കിയ സാഹചര്യത്തിൽ മാനുകളെ വനം വകുപ്പിന്റെ മേൽനോട്ടത്തിൽ മാറ്റി പാർപ്പിക്കുന്നതിനും മറ്റു പദ്ധതിയേതര പ്രവർത്തനങ്ങൾക്കുമായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഓഫീസിലേയും സ്റ്റേഡിയത്തിലെയും സ്വിമ്മിംഗ് പൂളിലെയും വൈദ്യുതി ചെലവുകൾക്കായി കായിക യുവജനകാര്യ ഡയറക്ടറേറ്റിന് 5 ലക്ഷം രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യു. കൂടാതെ ഓഫീസ് ചെലവുകൾക്കായി 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ കേരളോത്സവം സംഘടിപ്പിക്കുന്നതിന് നിലവിൽ ലഭിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത തുക യഥാക്രമം ₹ 25,000, ₹ 50,000 വീതം വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

യൂത്ത് വെൽഫെയർ ബോർഡിൽ ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ, പി.ഒ.എൽ, എന്നിവയ്ക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന യൂത്ത് കമ്മീഷനിൽ ശമ്പള പരിഷ്കരണംമൂലമുണ്ടായ അധികചെലവിലേക്കായി പദ്ധതിയേതരയിനത്തിൽ 22.176 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2016-17 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ജീവനക്കാരുടെ ശമ്പളം, പുതുക്കിയ നിരക്കിലെ ഡി.എ., ഡി.എ. കടിശ്ശിക, 9-ാം ശമ്പള കമ്മീഷൻ കടിശ്ശിക, 10-ാം ശമ്പള കമ്മീഷൻ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ്, ജീവനക്കാരുടെ സറണ്ടർ, യാത്രാബത്ത, 2016-17 കാലയളവിൽ വിരമിക്കുന്ന ജീവനക്കാരുടെ പെൻഷനും ആനുകൂല്യങ്ങളും, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കേരള സ്പോർട്സ് കൗൺസിലിന് (31), (36) എന്നീ ശീർഷകങ്ങളിൽ യഥാക്രമം 400 ലക്ഷം രൂപയും 218.05 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് കോച്ചിംഗ് ക്യാമ്പിനുള്ള ഡി.എ., ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്നതിനുള്ള ഡി.എ., കൗൺസിലിന് ഭരണാനുമതി ലഭിച്ച പദ്ധതികൾ മുതലായ ചെലവുകൾക്കായി അനുവദിച്ച തുകയ്ക്ക് പുറമെ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

മുൻ വർഷത്തെ കുടിശ്ശിക, ജീവനക്കാരുടെ പെൻഷൻ, കെട്ടിട നിർമ്മാണം എന്നീ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ "സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്" എന്ന ശീർഷകത്തിൽ 160 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കൂടാതെ സർക്കസ് കലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ജിംനാസ്റ്റിക്സ്, അക്രോബാറ്റിക്സ് എന്നിവ കൂടി ഉൾപ്പെടുത്തി കൂടുതൽ പഠിതാക്കളെ ഇതിലേക്ക് ആകർഷിക്കത്തക്ക വിധത്തിലുള്ള പരസ്യ പ്രചരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കായിക വിനോദ വൈദ്യസഹായ കേന്ദ്രത്തിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.39 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമ്മിക്കുന്നതിനായി 401.31 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

മാളയിലെ കെ. കരുണാകരൻ സ്മാരക സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 168.69 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഇടുക്കി ജില്ലയിൽ വോളിബോൾ അക്കാദമി സ്ഥാപിക്കുന്നതിനായി 46 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

പാലായിലെ മുനിസിപ്പൽ സ്റ്റേഡിയം പുനരുദ്ധരിക്കുന്നതിനായി 485.4 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ആയോധന കലകളുടെ പ്രോത്സാഹനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 73.60 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

35-ാം ദേശീയ ഗെയിംസിനോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന എഞ്ചിനീയറിംഗ് വിഭാഗത്തിനെ നിലനിർത്തുന്നതിനും അവരുടെ ശമ്പളാനുകൂല്യങ്ങൾ നൽകുന്നതിനുമായി

ബഡ്ജറ്റ് വിഹിതത്തിനു പുറമെ പദ്ധതിയേതര ഇനത്തിൽ 150 ലക്ഷം രൂപയും ദേശീയ ഗെയിംസിന്റെ വേദിയിലേക്കുള്ള റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ പൂർത്തീകരിച്ച രണ്ട് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനായി പദ്ധതിയിനത്തിൽ 480 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സംഗീതകോളേജുകളിലെ ക്ലാസ് മുറികളിൽ ശബ്ദക്രമീകരണ സംവിധാനം, സംഗീതോപകരണങ്ങളുടെ റിപ്പയറിംഗ്, ഐ.ടി. ഉപകരണങ്ങൾ വാങ്ങൽ എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് ബഡ്ജറ്റ് വിഹിതത്തിനു പുറമെ 10 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വൈകുന്നേരം 3.50-ന് സമിതിയോഗം പിരിഞ്ഞു.

## 11-8-2016-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2016 ആഗസ്റ്റ് മാസം 11-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു.വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു. :

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. കെ. സി. ജോസഫ്
3. ശ്രീ. എം. സ്വരാജ്
4. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ.അനിൽ സേവ്യർ, സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്
2. ശ്രീ. കെ. ഗംഗാധരൻ, ഡയറക്ടർ, മ്യൂസിയം - മൃഗശാല വകുപ്പ്

I. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി സമിതി ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിൽ വരുന്നതും മൃഗശാലയുമായി ബന്ധപ്പെട്ടതുമായ 2205-00-107-99-05, 2205-00-107-99-02 എന്നീ ശീർഷകങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുമുണ്ടായി.

മൃഗശാലയിലെ ദിവസവേതന ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച സാഹചര്യത്തിൽ പുതുക്കിയ നിരക്കിലുള്ള വേതനം കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക തീരെ പര്യാപ്തമല്ലാത്തതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മൃഗശാലകളിലെ വെള്ളക്കരത്തിന്റെ കുടിശ്ശിക തീർക്കുന്നതിനായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

II. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് മേൽപ്പറഞ്ഞ ഭേദഗതികളോടെ സമിതി അംഗീകരിച്ചു.

III. 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

യോഗം രാവിലെ 11.45-ന് സമാപിച്ചു.

## 20-10-2016-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI, 2016 ഒക്ടോബർ മാസം 20-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.15-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ.കെ. ബാലനും, പ്രത്യേക ക്ഷണിതാവായി ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. പി.കെ. അബ്ദു റബ്ബ്
2. ശ്രീ. കെ. സി. ജോസഫ്
3. ശ്രീ. ആർ. രാജേഷ്
4. ശ്രീ. റ്റി. വി. രാജേഷ്

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. ജി. പ്രേംകുമാർ, ഡയറക്ടർ, ആർക്കിയോളജി വകുപ്പ്
2. ശ്രീ. ഗംഗാധരൻ കെ., ഡയറക്ടർ, മൃഗശാലകളും മ്യൂസിയവും വകുപ്പ്
3. ശ്രീ. രാധാകൃഷ്ണൻ വി.ആർ., ഡയറക്ടർ, സാംസ്കാരികകാര്യ വകുപ്പ്
4. ശ്രീ. കെ. ജി. ഭട്ട്, സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
5. ശ്രീമതി കല എൻ. എൽ., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീമതി ജെസ്സി ജോസഫ്, അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ് (ജനറൽ)
7. ശ്രീ. ജോക്കോസ് പണിക്കർ, അഡീഷണൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്
8. ശ്രീമതി സജിനി എസ്. അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
9. ശ്രീമതി എസ്. മാലതി, ജോയിൻറ് സെക്രട്ടറി, കായിക യുവജനക്ഷേമ വകുപ്പ്
10. ശ്രീ. എം. ഹർഷൻ, ജോയിൻറ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്

സമിതി, ദി കേരള ആർക്കിയോളജിക്കൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2016, ദി കേരള ആർക്കിയോളജിക്കൽ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2016 എന്നീ കരട് ചട്ടങ്ങളും സമിതിയുടെ വിവിധ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെൻറുകളും പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

I. (a) ദി കേരള ആർക്കിയോളജിക്കൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2016.

(b) ദി കേരള ആർക്കിയോളജിക്കൽ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2016 (ഫയൽ നമ്പർ 6562/സബ്.സി.ഇ 1/2014/നി.സെ.).
(സർക്കാർ കത്ത് നമ്പർ 393/ബി1/03/സാം.കാ.വ. തീയതി 28-7-2016).

ആർക്കിയോളജി വകുപ്പിൽ 75% തസ്തികകൾ by promotion വഴിയും 25% ഒഴിവുകൾ direct recruitment വഴിയും നികത്താമെന്ന് കരിപ്പിൽ ചേർത്തിരിക്കുന്നത് ഒഴിവാക്കണമെന്ന് മുൻ സബ്ജക്ട് കമ്മിറ്റിയുടെ മീറ്റിംഗിൽ ഉന്നയിച്ചിരുന്നതാണെന്നും അതൊഴിവാക്കാതെയാണ് വീണ്ടും കരിപ്പ് തയ്യാറാക്കിയിരിക്കുന്നതെന്നും അത് അംഗീകരിക്കാൻ കഴിയില്ലെന്നും 75:25 എന്നതിനു പകരം 50:50 എന്നതെങ്കിലുമാക്കണ മെന്നും, വിദ്യാഭ്യാസ യോഗ്യതയുള്ള യുവജനങ്ങൾ പുറത്തു നിൽക്കുമ്പോൾ അവർക്ക് മുൻഗണന കൊടുക്കുന്നതിനു പകരം വകുപ്പിലിരിക്കുന്നവർക്കു പ്രമോഷൻ ലഭിക്കുന്ന പ്രസ്തുത തീരുമാനം അംഗീകരിക്കാൻ കഴിയില്ലെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു

ആർക്കൈവ്സ് പോലുള്ള ഡിപ്പാർട്ടുമെൻറുകളിലും 75:25 എന്ന അനുപാതമാണ് പാലിച്ചുപോരുന്നതെന്നും ആർക്കിയോളജി വകുപ്പിൽ 50:50 എന്ന അനുപാത മാക്കുകയാണെങ്കിൽ ഇങ്ങനെയൊരു അനുപാതം പാലിക്കുന്ന സംസ്ഥാനത്തെ ആദ്യത്തെ വകുപ്പായിരിക്കും ഇതെന്നും 50:50 എന്ന അനുപാതമാക്കുകയാണെങ്കിൽ സർവ്വീസ് സംഘടനകൾ കേസ്സിന് പോകുമെന്നും സമരത്തിനിറങ്ങുമെന്നും അറിയിച്ചിട്ടുണ്ടെന്നും ആർക്കിയോളജി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു

By transfer നിയമനം, direct recruitment എന്നിവയിലെ വിദ്യാഭ്യാസ യോഗ്യതയും ശരിയായ രീതിയിലല്ല നിഷ്കർച്ചിരിക്കുന്നതെന്നും അത് വിശദമായി ചർച്ച ചെയ്യേണ്ടതാണെന്നും സമിതിയംഗം അഭിപ്രായപ്പെടുകയുണ്ടായി. ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി വിശദമായ ചർച്ച നടത്തിയതിനുശേഷം ദി കേരള ആർക്കിയോളജിക്കൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2016, ദി കേരള ആർക്കിയോളജിക്കൽ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2016 എന്നീ കരട് ചട്ടങ്ങൾ മറ്റൊരു യോഗത്തിൽ പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു.

II. <u>ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ</u>

(1) 2013-14 സാമ്പത്തിക വർഷം പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം സംബന്ധിച്ച റിപ്പോർട്ട്.
(ഫയൽ നമ്പർ 6983/സബ്.സി.ഇ 1/14/നി.സെ.).

സംസ്ഥാനത്തെ പ്രീ-പ്രൈമറികളുള്ള സർക്കാർ സ്കൂളുകളോടനുബന്ധിച്ചുള്ള അങ്കണവാടികളിൽ കുട്ടികൾ കുറഞ്ഞു വരികയാണെന്നും മലയാള ഭാഷ പരിപോഷിപ്പി ക്കുന്നതിനായി സർക്കാർ സ്കൂളുകളിലെങ്കിലും ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തണമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു

അങ്കണവാടികൾ പ്രവർത്തിക്കുന്നത് സാമൂഹ്യനീതി വകുപ്പിന് കീഴിലാണെങ്കിലും അതിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാ സഹായവും പൊതു

വിദ്യാഭ്യാസ വകുപ്പിൽ നിന്നും നൽകി വരുന്നുണ്ടെന്നും അങ്കണവാടികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് സാമൂഹ്യനീതി വകുപ്പിന് മാത്രമേ കൂടുതൽ അറിയാൻ സാധിക്കുകയുള്ളൂവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. അതിനാൽ 2013-14 സാമ്പത്തിക വർഷം പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം സംബന്ധിച്ച റിപ്പോർട്ടിലെ 69, 70 എന്നീ ഖണ്ഡികകൾ സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥരുമായി വിശദമായി ചർച്ച ചെയ്യുന്നതിനായി മാറ്റി വച്ചു.

ഖണ്ഡിക നമ്പർ 71, 72, 73, 79 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെൻറ് സമിതി അംഗീകരിച്ചു.

(2) 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.
(ഫയൽ നമ്പർ 2648/സബ്.സി.ഇ 1/13/നി.സെ.).

ഖണ്ഡിക നമ്പർ 28 ലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെൻറ് സമിതി അംഗീകരിച്ചു.

(3) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.
(ഫയൽ നമ്പർ 3471/സബ്.സി.ഇ 1/14/നി.സെ.).

ഖണ്ഡിക നമ്പർ 25, 28, 32, 33, 40, 46, 49, 52, 53, 64, 65, 66, 69 എന്നിവയിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും 92 ,93, 116, 126, 127 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സാംസ്കാരികകാര്യ വകുപ്പിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെൻറുകൾ സമിതി അംഗീകരിച്ചു

(4) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.
(ഫയൽ നമ്പർ 3412/സബ്.സി.ഇ 1/15/നി.സെ.).

III. ഖണ്ഡിക 1 മുതൽ 20 വരെയുള്ള ശിപാർശകളിന്മേൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും, ഖണ്ഡിക 85 മുതൽ 92 വരെയും, 94 മുതൽ 121 വരെയും ഉള്ള ശിപാർശകളിന്മേൽ സാംസ്കാരികകാര്യ വകുപ്പിൽ നിന്നും, ഖണ്ഡിക നമ്പർ 93 ന്മേൽ മൃഗശാല വകുപ്പിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു കൂടാതെ, അവ ഉൾപ്പെടുത്തിയ രൂപത്തിലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൻെറ കരടും സമിതി അംഗീകരിച്ചു.

IV. പല വകുപ്പുകളും ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് യഥാസമയം സമിതിക്ക് ലഭ്യമാക്കാത്ത വിഷയം പരിഗണിച്ച സമിതി, ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് ലഭ്യമാക്കാത്ത ഉന്നത വിദ്യാഭ്യാസം, കായികയുവജനകാര്യം, സാംസ്കാരികകാര്യം എന്നീ വകുപ്പുകളോട് അടിയന്തരമായി ആയവ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

വൈകുന്നേരം 5.00 മണിക്ക് യോഗം പിരിഞ്ഞു.

## 25-1-2017-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2017 ജനുവരി 25-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ പ്രത്യേക ക്ഷണിതാവായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. കെ. സി. ജോസഫ്
3. ശ്രീ. ആർ. രാജേഷ്
4. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. ഉഷ ടൈറ്റസ്, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
2. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, സാംസ്കാരിക കാര്യവകുപ്പ്.
3. ശ്രീമതി കല എൻ. എൽ., സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.
4. ശ്രീമതി സജിനി എസ്., അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.
5. ശ്രീ. സുരേഷ് ചന്ദ്രൻ എസ്., അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
6. ശ്രീ. ജെ. രജികുമാർ, ഡയറക്ടർ, പുരാരേഖ ആന്റ് പുരാവസ്തു വകുപ്പ്.

The Kerala Archives Subordinate Service Special Rules 2016, The Kerala Archives State Service Special Rules 2016 എന്നീ കരട് ചട്ടങ്ങൾ, സമിതിയുടെ റിപ്പോർട്ടിലെ ശിപാർശയിന്മേൽ സർക്കാരിൽ നിന്നു ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ്, പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നത് എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി.

## I. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്

1. സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ടിലെ 24-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 3958/സബ്.സി.ഇ 1/2015/നി.സെ.)

(റഫറൻസ് നമ്പർ 1347/യു2/16/പൊ.വി.വ. തീയതി 1-4-2016.)

ഹയർസെക്കന്ററി മേഖലയുടെ വളർച്ചയ്ക്ക് വളരെയധികം ഗുണപ്രദമായ അസാപ്, കരിയർ ഗൈഡൻസ്, സൗഹൃദ ക്ലബ്ബുകൾ, ലഹരി വിരുദ്ധ ക്ലബ്ബുകൾ, കൗമാര കൗൺസിലിംഗ് എന്നിവയുടെ പ്രവർത്തനങ്ങൾ എല്ലാ സ്കൂളുകളിലും ആരംഭിക്കുന്നതിനും ഇവയുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണെന്നും തൊഴിൽ നൈപുണ്യമുള്ള കുട്ടികൾക്ക് പ്ലേസ്മെന്റ് നടത്തി Skill park-കളെ കൂടുതൽ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

Skill park-കളിൽ ഗവൺമെന്റ് കോഴ്സുകളോടൊപ്പം പ്രൈവറ്റ് കോഴ്സുകളും നടത്തുന്നുണ്ടെന്നും, കൂടുതൽ placement നടത്തുന്നതിനാണ് ഈ വർഷം ഊന്നൽ നൽകുന്നതെന്നും, ആവശ്യം അനുസരിച്ച് കോഴ്സ് നവീകരിക്കുന്നുണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയുടെ ചോദ്യത്തിന് മറുപടി നല്കി. തുടർന്ന് 24-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

## II. കരട് ചട്ടങ്ങൾ

1. The Special Rules for the State Archives Service 2016

&

2. The Special Rules for the State Archives Subordinate Service 2016,
   (ഫയൽ നമ്പർ 3777/സബ്.സി.ഇ 1/2015/നി.സെ.)
   (റഫറൻസ് നമ്പർ 130/സി2/2014/സാം.കാ.വ. തീയതി 19-9-2016.).

പുരാരേഖ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസും സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസുമാണ് പരിഗണനയ്ക്കെടുക്കുന്ന ചട്ടങ്ങളെന്നും സർവ്വീസ് റൂൾസിൽ 6 കാറ്റഗറിയും സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ 16 കാറ്റഗറിയുമാണുള്ളതെന്നും പ്രസ്തുത കരട് ചട്ടങ്ങൾക്ക് പി.എസ്.സി-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. സംസ്ഥാന പുരാരേഖ വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസിൽ നിലവിൽ സ്പെഷ്യൽ റൂൾസ് ഇല്ലെന്നും മൂന്ന് തസ്തികകൾക്ക് മാത്രമേ നിലവിൽ റൂൾ ഉള്ളുവെന്നും മറ്റ് തസ്തികകൾക്ക് എക്സിക്യൂട്ടീവ് ഓർഡർ മാത്രമാണുള്ളതെന്നും 1984-ൽ വകുപ്പ് പുനഃസംഘടിപ്പിച്ചതിന്റെ ഭാഗമായി വന്ന ടെക്നിക്കൽ തസ്തികകൾ കൂടി ചേർത്താണ് കരട് ചട്ടങ്ങൾ തയ്യാറാക്കിയിരിക്കുന്നതെന്നും പുരാരേഖ ആന്റ് പുരാവസ്തു വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഡയറക്ട് റിക്രൂട്ട്മെന്റ് വഴി നിയമനം നടത്താനുള്ള അവസരമില്ലേ എന്ന് സമിതി ആരാഞ്ഞതിന് 140 തസ്തികകളുള്ള കേരളത്തിലെ ഏറ്റവും ചെറിയൊരു വകുപ്പാണ് പുരാരേഖ ആന്റ് പുരാവസ്തു വകുപ്പെന്ന് ഡയറക്ടർ സമിതിയെ അറിയിച്ചു. ഓരോ കാറ്റഗറിയിലുമുള്ള സ്റ്റാഫിന്റെ എണ്ണം കുറവാണെന്നും അഡീഷണൽ തസ്തികകളായി കാണുന്നത് ആർക്കൈവ്സിന്റെ 4 തസ്തികകളാണെന്നും ബാക്കി തസ്തികകളിലെല്ലാം ഓരോ പോസ്റ്റ് മാത്രമാണ് വരുന്നതെന്നും ആർക്കൈവിസ്റ്റും അസിസ്റ്റന്റ് ആർക്കൈവിസ്റ്റ് ഗ്രേഡ് I-ഉം നാല് പോസ്റ്റുകൾ വീതമുണ്ടെന്നും നിലവിൽ സ്ഥാനക്കയറ്റം ലഭിച്ച ആളുകളാണ് ടി തസ്തികയിലുള്ളതെന്നും പ്രൊമോഷനു വേണ്ടി ഫീഡർ കാറ്റഗറിയിൽ ആളുണ്ടെന്നും നിലവിലുള്ള സ്മാരകങ്ങൾ, മ്യൂസിയങ്ങൾ തുടങ്ങിയവയ്ക്ക് കാലാനുസൃതമായ അപ്ഡേഷൻ/ എക്സ്പാൻഷൻ വർക്കുകൾ വരുമ്പോൾ സ്വാഭാവികമായും പുതിയ തസ്തികകൾ ഉണ്ടാകേണ്ടതാണെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി വിശദമാക്കി.

പി & എ.ആർ.ഡി. വർക്ക് സ്റ്റഡി നടത്തി തസ്തികകൾ നിർദ്ദേശിച്ചിട്ടുണ്ടെന്നും അതനുസരിച്ച് ധാരാളം തസ്തികകൾ ആവശ്യമുണ്ടെന്നും, ഇപ്പോൾ അഞ്ച് ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള ജില്ലാ ഹെറിറ്റേജ് സെന്ററുകളിലേയ്ക്ക് ജീവനക്കാരെ ആവശ്യമുണ്ടെന്നും മലബാർ, കൊച്ചി, ട്രാവൻകൂർ എന്നീ മൂന്ന് മേഖലാ ഓഫീസുകളിൽ ഹെഡ് സൂപ്രണ്ടുമാരാണുള്ളതെന്നും അവിടേയ്ക്കും ജീവനക്കാരെ ആവശ്യമുണ്ടെന്നും ഇത്തരത്തിലുള്ള മാറ്റമാണ് വേണ്ടതെന്നും പുരാരേഖ ആന്റ് പുരാവസ്തു വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

വകുപ്പ് ആരംഭിച്ച് കാലങ്ങൾ കഴിഞ്ഞിട്ടും ശൈശവാവസ്ഥയിൽ തന്നെ തുടരുന്ന സ്ഥിതി തീർത്തും ശരിയല്ല എന്ന് സമിതി അഭിപ്രായപ്പെട്ടു.

2010-ലെ കരട് ചട്ടം പരിശോധിച്ചു കൊടുത്തിട്ടുണ്ടെന്നും അതിനുശേഷം സബ്ജക്ട് കമ്മിറ്റി പലപ്പോഴായി തീരുമാനിച്ച മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി വീണ്ടും ഒരു പരിശോധനയ്ക്ക് നല്കണമെന്നും ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്ന കരട് ചട്ടത്തിന്റെ മാതൃക ശരിയല്ലെന്നും നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പൊതുവായിട്ടുള്ള പാറ്റേണിൽ നിന്ന് വ്യത്യസ്തമായൊരു പാറ്റേണാണ് ഈ വകുപ്പിൽ വരുന്നതെന്നും ആയത് സംബന്ധിച്ച് പൊതു ചർച്ച നടത്തി വകുപ്പിൽ ഒരു ഏകീകൃത പാറ്റേൺ സ്വീകരിക്കുന്നത് സംബന്ധിച്ച തീരുമാനം എടുക്കുന്നതായിരിക്കും ഉചിതമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഡൽഹി നാഷണൽ ആർക്കൈവ്സിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നത് നന്നായിരിക്കുമെന്നും അടുത്ത ചർച്ചയ്ക്ക് മുൻപായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥാപനം സന്ദർശിച്ച് ടി സ്ഥാപനത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളെ സംബന്ധിച്ച് പഠിക്കുന്നതും നന്നായിരിക്കുമെന്നും സമിതി നിർദ്ദേശിച്ചു.

പുരാരേഖ വകുപ്പ് നിലവിൽ വന്നിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും വകുപ്പിനായി സർവ്വീസ് റൂൾസും സബോർഡിനേറ്റ് സർവ്വീസ് റൂൾസും നിലവിൽ വന്നിട്ടില്ലെന്നും, വകുപ്പിൽ കാലാനുസൃതമായി കൂടുതൽ തസ്തികകൾ ആവശ്യമാണെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ചുരുണകൾ, കയ്യെഴുത്തു പ്രതികൾ തുടങ്ങിയവയുടെ കൺസർവേഷൻ, പ്രിസർവേഷൻ, ഡിജറ്റലൈസേഷൻ എന്നിവയ്ക്കായി ചെറിയ തുക വകയിരുത്തി പുറത്തുനിന്ന് ആളുകളെ വച്ച് ജോലി ചെയ്യിക്കുകയാണ് നിലവിൽ ചെയ്തു വരുന്നതെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു

പുരാരേഖ വകുപ്പിന്റെ മുഴുവൻ ചുരുണകളും കയ്യെഴുത്തു പ്രതികളും കൺസർവ് ചെയ്ത്, പ്രിസർവ് ചെയ്ത്, ഡിജിറ്റലൈസ് ചെയ്ത് സംരക്ഷിക്കുന്നതിനായി വിദ്യാർത്ഥികൾ, ചരിത്രകാരന്മാർ തുടങ്ങിയവരെയെല്ലാം ചേർത്ത് ഒരു പ്രോജക്ടാക്കി ചെയ്യണമെന്ന് ആസൂത്രണബോർഡ് നിർദ്ദേശിച്ചിട്ടുണ്ടെന്നും ഇക്കാര്യങ്ങൾക്കായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ടെന്നും അങ്ങനെ വരുമ്പോൾ ഡയറക്ട് റിക്രൂട്ട്മെന്റിനും അവസരമുണ്ടാകുമെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയിൽ വിശദമാക്കി.

നിലവിൽ ഡിഗ്രി തലത്തിലും പോസ്റ്റ് ഗ്രാജുവേറ്റ് തലത്തിലും ടി വിഷയം സംബന്ധിച്ചുള്ള കോഴ്സുകളുണ്ടെന്നും പ്രസ്തുത കോഴ്സ് പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് ഈ മേഖലയിൽ പുതിയ അറിവുകളുണ്ടായിരിക്കുമെന്നും പ്ലേസ്മെന്റ് കൊടുക്കാൻ സാധിക്കാത്തതു കൊണ്ട് അവരുടെ സേവനം ഉപയോഗിക്കാനാവുന്നില്ലെന്നും ഇക്കാര്യത്തിലുള്ള അവരുടെ പ്രാഗൽഭ്യം കൂടി ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ഒരു സംവിധാനം ഉണ്ടാകുന്നതു നന്നായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു

നാഷണൽ ആർക്കൈവ്സിലും കേരളത്തിലും ഇത്തരത്തിലുള്ള കോഴ്സുകളുണ്ടെന്ന് പുരാരേഖ ആന്റ് പുരാവസ്തു വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു

ഇപ്പോഴുള്ള സ്ഥിതി സംബന്ധിച്ചും നാഷണൽ ആർക്കൈവ്സിൽ പോയി പഠനം നടത്തിയതിനു ശേഷവും വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി സമിതി മുമ്പാകെ സമർപ്പിക്കണമെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറിക്ക് സമിതി നിർദ്ദേശം നല്കി. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം ടി വിഷയം സംബന്ധിച്ച് വിശദമായ ചർച്ച നടത്തി കരട് ചട്ടം സംബന്ധിച്ച അന്തിമ തീരുമാനത്തിലെത്താമെന്നും സമിതി തീരുമാനിച്ചു.

## III നിയമസഭാ ചട്ടം '235 എ' പ്രകാരമുള്ള ചർച്ച

'പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച്' എന്ന വിഷയവുമായി ബന്ധപ്പെട്ട ചോദ്യാവലിയുടെ മറുപടി.

(ഫയൽ നമ്പർ 42/സബ്. സി. ഇ 1/2015/നിസെ.)

(റഫറൻസ് നമ്പർ 393/ബി1/2003/സാം.കാ.വ. തീയതി 17-12-2015)

ആർക്കിയോളജിയിൽ ചെറുതും വലുതുമായി 179 സംരക്ഷിത സ്മാരകങ്ങളും 12 മ്യൂസിയങ്ങളും കൂടാതെ ജില്ലാതലത്തിൽ ഹെറിറ്റേജ് മ്യൂസിയം എന്ന പേരിൽ കൺസർവേഷൻ വർക്കും മ്യൂസിയം ഡിസ്പ്ലേയും തയ്യാറാക്കുകയാണെന്നും കഴിഞ്ഞ കുറച്ച് വർഷങ്ങളായാണ് മ്യൂസിയങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വന്നതെന്നും, അവ നോക്കിനടത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന സ്റ്റാഫ് പാറ്റേൺ മാത്രമാണ് ഇപ്പോഴും ഉള്ളതെന്നും ഒബ്സർവേഷൻ എഞ്ചിനീയറുടെ ഒരു തസ്തിക മാത്രമേ ആർക്കിയോളജിയിൽ ഉള്ളൂവെന്നും, ആയത് മ്യൂസിയങ്ങളുടെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുമെന്നതിനാൽ ധനകാര്യ വകുപ്പ് മൂന്ന് തസ്തിക കൂടി അനുവദിച്ചുതന്നിട്ടുണ്ടെന്നും ബാക്കി എല്ലാ തസ്തികകളിലും ജീവനക്കാരുടെ കുറവുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയിൽ വിശദമാക്കി.

പുതുതായി വരുന്ന ആറ് ജില്ലാ പൈതൃക മ്യൂസിയങ്ങൾക്കായി പുതിയ തസ്തികകൾ വേണ്ടി വരുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

സംരക്ഷിത സ്മാരകങ്ങളും മ്യൂസിയങ്ങളും ആർക്കൈവ്സിനെക്കാൾ കൂടുതൽ ആർക്കിയോളജിയിലാണുള്ളതെന്നും ഡ്രാഫ്റ്റ് നോട്ടിഫിക്കേഷനും ഫൈനൽ നോട്ടിഫിക്കേഷനും ഇറക്കിയതിനുശേഷം അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആർക്കിയോളജിയെക്കുറിച്ചുള്ള പരിശീലനം നൽകണമെന്നും ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ എന്ന സ്ഥാപനം (എ.എസ്.ഐ.) മുഖേന ട്രെയിനിംഗ് നൽകാൻ സാധിക്കുമെന്നും ആവശ്യമെങ്കിൽ നാഷണൽ മ്യൂസിയം അധികൃതർ ഇവിടെ വന്ന് ട്രെയിനിംഗ് നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയിൽ വിശദമാക്കി.

ആർക്കിയോളജിയെക്കുറിച്ച് അറിയാവുന്നവർ പരിശീലനം കൊടുക്കുന്നതായിരിക്കും കൂടുതൽ ഉചിതമെന്നും ആർക്കിയോളജി വകുപ്പിന്റേതായ ട്രെയിനിംഗ് പ്രോഗ്രാം തയ്യാറാക്കി നാഷണൽ മ്യൂസിയത്തിൽ വച്ചോ, അതല്ലെങ്കിൽ ടെക്നിക്കൽ എക്സ്പെർട്ടുകളെക്കൊണ്ട് ഇവിടെയോ ട്രെയിനിംഗ് നൽകാമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

പുരാവസ്തു വകുപ്പിന്റെ കീഴിൽ കാസർഗോഡ് മുതൽ തമിഴ്നാട് വരെയുള്ള 179 സ്മാരകങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പണികളുടെ മേൽനോട്ടത്തിനുമായി ഒരു അസിസ്റ്റന്റ് എഞ്ചിനീയർ മാത്രമാണുള്ളതെന്നും ഇപ്പോൾ മൂന്ന് എഞ്ചിനീയർമാരുടെയും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും നിലവിലുള്ള കുറച്ച് ഓവർസിയർമാരെയും ചേർത്ത് നല്ല രീതിയിൽ മെയിന്റയിൻ ചെയ്യാൻ സാധിക്കുമെന്നും കരുതുന്നതായി ഡയറക്ടർ സമിതിയെ അറിയിച്ചു. സംരക്ഷിത സ്മാരകങ്ങൾ നോക്കി നടത്തുന്നതിനായി അറ്റൻഡർമാരെ നിയമിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മോണ്യുമെൻറ് എസ്കവേഷൻ എന്നു പറഞ്ഞ് ആളെയെടുത്തുകൊണ്ട് തൽക്കാലം പ്രോജക്ടിലൊക്കെ ഓരോരുത്തരെവച്ച് മെയിൻെറയിൻ ചെയ്യുകയാണ് ചെയ്യുന്നതെന്നും സ്ഥിരമായി കൺസർവേഷൻ നടത്തി, പ്രിസർവ് ചെയ്ത് നിർബന്ധമായും രണ്ട് മാസത്തിലൊരിക്കൽ .മെയിൻെറയിൻ ചെയ്യേണ്ടതുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ മ്യൂസിയത്തിന് കേന്ദ്ര ഫണ്ട് ലഭിക്കുന്നുണ്ടെന്നും സ്മാരകങ്ങൾക്കും ധാരാളം ഫണ്ടുണ്ടെന്നും ജീവനക്കാരില്ലാത്തതാണ് പ്രശ്നമെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു

ഖനനം ചെയ്യലും സംരക്ഷിക്കലും ഒരേ വകുപ്പിന്റെ രണ്ട് വിഭാഗങ്ങളാണെന്നും, കൺസർവേഷൻ ലാബും കൺസർവേഷൻ സെക്ഷനും രണ്ട് വിഭാഗമായിട്ടാണ് പ്രവർത്തിക്കുന്നതെന്നും ഇവിടെ ജീവനക്കാർ കുറവാണെന്നും ഡയറക്ടർ സമിതിയുടെ ചോദ്യത്തിന് മറുപടി നല്കി.

ഇപ്പോൾ കമ്മിറ്റിയുടെ പരിഗണനയിലുള്ള ചോദ്യാവലിയിൽ നിന്നും കാലാനുസൃതമായ വിവരങ്ങൾ ലഭിക്കുന്നില്ലെന്നും, ഇതു സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാവരുമായി വിശദമായ ഒരു ചർച്ച നടത്തി അതിൽ നിന്നും ഉരുത്തിരിയുന്ന ആശയങ്ങൾ എടുത്തതിനുശേഷം ഇതേക്കുറിച്ച് തീരുമാനിക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

സർക്കാർ ഏറ്റെടുത്തിട്ടുള്ള സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് മാത്രം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നും അതുകൊണ്ട് ഉദ്ദേശിക്കുന്നത് അതിൻെറ മെയിൻറനൻസ് മാത്രമല്ല, ഒറിജിനൽ നേച്ചർ നിലനിൽക്കത്തക്ക രീതിയിൽ അവ സൂക്ഷിക്കുകയും പുതിയ

ടെക്നോളജി അനുസരിച്ച് അപ്ഡേറ്റ് ചെയ്യുകയും ചെയ്യത്തക്ക വിധത്തിലായിരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. ആവശ്യമായ സ്റ്റാഫ്, എഞ്ചിനീയർമാർ, ഡിസൈൻ ചെയ്യേണ്ട വിദഗ്ധർ, വേണ്ടി വരുന്ന ചെലവ്, ഇതേ വകുപ്പിൽ തന്നെ അധിക സ്റ്റാഫുള്ള വിഭാഗങ്ങളിൽ നിന്നും ഉദ്യോഗസ്ഥരെ മാറ്റി നിയമിക്കൽ തുടങ്ങിയവ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിയായിരിക്കണം പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതെന്നും ആയത് എത്രയും വേഗം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു

### IV. കമളി മംഗളാദേവി ക്ഷേത്രം സന്ദർശനം സംബന്ധിച്ച് സമിതിക്കുള്ള കുറിപ്പ്(ഫയൽ നമ്പർ 2809/സബ്.സി.ഇ 1/2015/നി.സെ.)

പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന മാസ്റ്റർ പ്ലാൻ, ചട്ടം 235 എ പ്രകാരം ചർച്ച നടത്തുന്ന സന്ദർഭത്തിൽ കമളി മംഗളാദേവി ക്ഷേത്രം സന്ദർശിക്കുന്ന വിഷയം സംബന്ധിച്ച് തീരുമാനം എടുക്കാമെന്ന് സമിതി തീരുമാനിച്ചു.

രാവിലെ 11.50 -ന് സമിതിയോഗം പിരിഞ്ഞു.

## 2-3-2017-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI, 2017 മാർച്ച് 2-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം ഉച്ചയ്ക്ക് 2.30-ന് നിയമസഭാ സമുച്ചയത്തിലെ 5-ഡി സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. സി. മൊയ്തീനും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. റ്റി. വി. രാജേഷ്
2. ശ്രീ. എം. സ്വരാജ്
3. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീമതി ഉഷ ടൈറ്റസ്, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
3. ഡോ. ബി. അശോക്, സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്.
4. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.
5. ശ്രീമതി കല. എൻ.എൽ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
6. ശ്രീ. സഞ്ജയൻകുമാർ, ഡയറക്ടർ, കായിക യുവജനകാര്യ ഡയറക്ടറേറ്റ്.
7. ഡോ. പി. എസ്. ശ്രീകല, ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാമിഷൻ.
8. ഡോ. ജെ. പ്രസാദ്, ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
9. ഡോ. എൻ. ബി. സുരേഷ് കുമാർ, ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ.
10. ഡോ. പി. എ. ഫാത്തിമ, ഡയറക്ടർ, സീമാറ്റ്.
11. ശ്രീമതി എം. എസ്. ജയ, ഉന്നതവിദ്യാഭ്യാസ ഡയറക്ടർ.
12. ശ്രീമതി അനുപമ, ടി. വി, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.
13. ശ്രീ. ആഞ്ചലോസ്, ജി., ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
14. ഡോ. ഏഞ്ചലിൻ മേബിൾ, ഡയറക്ടർ, വി.എച്ച്.എസ്.ഇ.

വിവിധ കരട് ചട്ടങ്ങൾ, 2013-14 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം സംബന്ധിച്ച റിപ്പോർട്ടിലെ 69, 70 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി പരിഗണിച്ചു.

## I. കരട് ചട്ടങ്ങൾ

### കായികയുവജനകാര്യ വകുപ്പ്

1. The Special Rules for The Kerala Sports and Youth Affairs Service 2015.
2. The Special Rules for The Kerala Sports and Youth Affairs Subordinate Service 2015.
   (ഫയൽ നമ്പർ 4710/സബ്.സി.ഇ 1/2015/നി.സെ.)

സ്റ്റേറ്റ് സ്പെഷ്യൽ റൂളിന്റെയും സബോർഡിനേറ്റ് സ്പെഷ്യൽ റൂളിന്റെയും കരടാണ് സമിതി മുമ്പാകെ വന്നിരിക്കുന്നതെന്നും സ്റ്റേറ്റ് റൂളിൽ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നീ തസ്തികകളുടെ നിയമനം സംബന്ധിച്ചാണ് പറയുന്നതെന്നും സ്പോർട്സ് വകുപ്പുമന്ത്രി ആമുഖമായി പറഞ്ഞു.

സ്റ്റേറ്റ് സർവ്വീസ് റൂൾസിന്റെ BRANCH -I Administration-ൽ അഡീഷണൽ ഡയറക്ടറുടെ Method of appointment (ii) -ൽ In the absence of qualified persons under item (i) above, by deputation from the post of Special Secretary/Additional Secretary in the General Administration Department in the Government Secretariat. എന്നാണ് പറഞ്ഞിരിക്കുന്നതെന്നും എന്നാൽ അഡീഷണൽ ഡയറക്ടർ തസ്തിക, ജോയിന്റ് സെക്രട്ടറി തസ്തികയ്ക്ക് തുല്യമാണ് എന്നതിനാൽ ഉയർന്ന തസ്തികയിൽ നിന്നും താഴ്ന്ന തസ്തികയിലേയ്ക്ക് ഉദ്യോഗസ്ഥരെ നിയമിക്കേണ്ട സാഹചര്യം ഉണ്ടാകുമെന്നും സമിതി കണ്ടെത്തി. കൂടാതെ പ്രസ്തുത വ്യവസ്ഥയിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഡെപ്യൂട്ടേഷൻ ജി.എ.ഡി.-യിൽ നിന്ന് മാത്രമായി പരിമിതപ്പെടുത്തിയാൽ മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ പ്രഗത്ഭരായ വ്യക്തികളുണ്ടെങ്കിൽ അവരെ നിയമിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകുമെന്നും സമിതി വിലയിരുത്തി. ആയതിനാൽ അഡീഷണൽ ഡയറക്ടർ തസ്തികയുടെ Method of Appointment (ii)-ൽ 'In the absence of qualified persons under item (i) above, by deputation of an officer not below the rank of Joint Secretary in Government Secretariat or equivalent' എന്ന് ഭേദഗതി വരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

സ്റ്റേറ്റ് സർവ്വീസ് റൂൾസിലെ Short title and Commencement-ൽ These rules may be called the Kerala Sports and Youth Affairs State Service Special Rules, 2017 എന്ന് മാറ്റം വരുത്തണമെന്നും സമിതി നിർദ്ദേശിച്ചു. അതുപോലെ സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ പേര് The Kerala Sports and Youth Affairs Subordinate Service Special Rules, 2017 എന്ന് ഭേദഗതി ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു

സ്റ്റേറ്റ് സർവ്വീസ് റൂൾസിന്റെ BRANCH: II (MEDICAL)-ന്റെ TABLE-ൽ മെഡിക്കൽ ഓഫീസർ തസ്തികയ്ക്ക് or by deputation എന്ന് പറയുന്നുണ്ടെങ്കിലും Rule 3, method of appointment-ൽ ഇതേ തസ്തികയ്ക്ക് deputation പറഞ്ഞിട്ടില്ലെന്നും ആയതു കൂടി റൂൾ 3-ൽ ചേർക്കണമെന്നും സമിതി നിർദ്ദേശിച്ചു. അതോടൊപ്പം പ്രസ്തുത തസ്തികയുടെ യോഗ്യതയിൽ Medical Council Registration എന്നതിനുപകരം Travancore Cochin Medical Council Registration എന്ന് മാറ്റം വരുത്തണമെന്നും സമിതി നിർദ്ദേശിച്ചു

സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 6, Reservation of Appointment-ൽ The rules regarding reservation of appointment contained in Rules 14 to 17 of Part II KSSR എന്നതിനു പകരം Rules 14 to 17C എന്ന് മാറ്റം വരുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

The Special Rules for The Kerala Sports and Youth Affairs Service 2015. The Special Rules for The Kerala Sports and Youth Affairs Subordinate Service 2015. എന്നീ കരട്ട ചട്ടങ്ങൾ മേൽപ്പറഞ്ഞ ഭേദഗതികളോടെ സമിതി അംഗീകരിച്ചു

## II. തെളിവെടുപ്പ്

1. 2013-14 സാമ്പത്തികവർഷം പൊതുവിദ്യാഭ്യാസ വകപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം സംബന്ധിച്ച റിപ്പോർട്ടിലെ 69, 70 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സംബന്ധിച്ച് സാമൂഹ്യനീതി, പൊതുവിദ്യാഭ്യാസം എന്നീ വകപ്പ് സെക്രട്ടറിമാരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി.

(ഫയൽ നമ്പർ 6983/സബ്.സി.ഇ 1/2014/നി.സെ.)

അങ്കണവാടികളുടെ സഹായത്തോടെ പ്രീപ്രൈമറി വിദ്യാഭ്യാസം കൂടുതൽ സർക്കാർ സ്കൂളുകളിൽ ആരംഭിക്കണമെന്നും അത് കാര്യക്ഷമമായി നടപ്പിലാക്കണമെന്നുമായിരുന്നു സമിതിയുടെ ശിപാർശയെന്നും, ഇന്ന് പ്രൈമറി സ്കൂളുകളിൽ വ്യാപകമായി ഇംഗ്ലീഷ് മീഡിയം അനുവദിക്കുന്നുണ്ടെന്നും അത് കമ്മിറ്റിയുടെ കൺസെപ്റ്റിന് എതിരാണെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിലാക്കണമെന്ന് അഭിപ്രായപ്പെടുകയും മലയാളം ഒന്നാംഭാഷ ആക്കുകയും ചെയ്ത സാഹചര്യത്തിൽ മീഡിയം മാതൃഭാഷയായിരിക്കണം എന്നതുതന്നെയാണ് സമിതിയുടെ കാഴ്ചപ്പാടെന്നും സമിതി അറിയിച്ചു.

ഓരോ ക്ലാസിനും രണ്ട് ഡിവിഷൻ എങ്കിലും ഉണ്ടാകുകയും മുപ്പതു കുട്ടികളുടെ രക്ഷിതാക്കളെങ്കിലും ആവശ്യപ്പെടുകയും ചെയ്താൽ മാത്രം രണ്ടാമത്തെ ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ആക്കാനാണ് ഗവൺമെന്റ് നിർദ്ദേശമെന്നും, പക്ഷേ ഇംഗ്ലീഷ് മീഡിയത്തിലേയ്ക്ക് മാത്രമായി ശ്രദ്ധ കേന്ദ്രീകരിയ്ക്കുന്നതിനാൽ മലയാളം മീഡിയം അവഗണിക്കപ്പെടുകയാണ് ചെയ്യുന്നതെന്നും പൊതുവിദ്യാഭ്യാസത്തിലൂടെ നമ്മുടെ ഭാഷയും സംസ്കാരവും ശക്തിപ്പെടുത്തുകയാണ് വേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

2012-ലെ ഉത്തരവനുസരിച്ച് രണ്ട് മലയാളം ഡിവിഷൻ ഉണ്ടെങ്കിൽ മാത്രമേ മൂന്നാമതൊരെണ്ണം ഇംഗ്ലീഷ് മീഡിയമായി തുടങ്ങാൻ പാടുള്ളൂവെന്നാണെന്നും, എന്നാൽ രണ്ടാമത്തെ മലയാളം ഡിവിഷനിലേയ്ക്കു പോലും കുട്ടികളെ കിട്ടാത്ത സാഹചര്യമുണ്ടായതിനാൽ രണ്ടാമത്തെ ഡിവിഷൻ ഇംഗ്ലീഷ് മീഡിയമാക്കാൻ നിർദ്ദേശമുണ്ടായെന്നും അപ്പോഴും ഒരു മലയാളം മീഡിയം ഡിവിഷൻ ഉണ്ടായിരിക്കണമെന്ന നിബന്ധനയുണ്ടെന്നും പൊതുവിദ്യാഭ്യാസ വകപ്പ് സെക്രട്ടറി വിശദീകരിച്ചു.

പൊതുവിദ്യാഭ്യാസം പൂർണ്ണമായും ഇംഗ്ലീഷ് ഭാഷയിലാകുമെന്നത് വിദൂരമല്ലാത്ത ഭാവിയിൽ സംഭവിക്കാൻ പോകുന്ന അപകടമാണെന്നും പ്രൈമറി വിദ്യാഭ്യാസം മാതൃഭാഷയിൽ ആയിരിക്കണമെന്ന് ലോകമാകെ അംഗീകരിച്ച കാര്യമാണെന്നും സമിതി

അഭിപ്രായപ്പെട്ടു. ഇംഗ്ലീഷ് ശരിയായ രീതിയിൽ പഠിപ്പിച്ചാൽ ഒരു കുട്ടിക്ക് ഹൈസ്കൂൾ തലം കഴിയുമ്പോൾ നന്നായി ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ കഴിയുമെന്നും എന്നാൽ ഇന്നത്തെ അദ്ധ്യാപകർ പലരും അതിന് പ്രാപ്തരല്ലെന്നും ഒരു ഭാഷയെന്ന രീതിയിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിൽ മാറ്റം വരണമെന്നും സമിതി നിർദ്ദേശിച്ചു

അദ്ധ്യാപകർ ഇംഗ്ലീഷ് പഠിപ്പിക്കുന്ന സമയത്ത് ഇംഗ്ലീഷ് സംസാരിക്കുന്നില്ലെന്നും ഇംഗ്ലീഷ് സംസാരിക്കുന്നതിലൂടെയാണ് ഇംഗ്ലീഷ് പഠിക്കേണ്ടതെന്നും ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കുന്നത് വളരെ നല്ലതാണെന്നും, എന്നാൽ ഈ രണ്ട് കാര്യങ്ങളും നടക്കുന്നില്ലെന്നും അതുകൊണ്ടാണ് എസ്.എസ്.എ. യുടെ ഭാഗമായി 'ഹലോ ഇംഗ്ലീഷ്' കൊണ്ടുവന്നതും വെക്കേഷൻ സമയത്ത് ഇംഗ്ലീഷിന് ഊന്നൽ നൽകിക്കൊണ്ടുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതും എന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വിശദമാക്കി.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുട്ടികൾ മാത്രം മലയാളം മീഡിയത്തിൽ പഠിക്കുന്നതാണ് ഇന്ന് കാണാൻ സാധിക്കുന്നതെന്നും ഒന്നാം ക്ലാസിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചാൽ പ്രൈമറിതലം കഴിയുമ്പോൾ അത്യാവശ്യം ഇംഗ്ലീഷ് വായിക്കാനും എഴുതാനും കഴിയുമെന്ന് തെളിയിക്കണമെന്നും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചതുകൊണ്ടു മാത്രം കാര്യമില്ലെന്നും കൺസെപ്റ്റിൽ മാറ്റം വരുത്തുകയാണ് വേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

അങ്കണവാടികളിൽ കുട്ടികൾ കുറവാണെന്നും കട്ട് ഓഫ് ഏജ് വയ്ക്കേണ്ടത് അത്യാവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. അങ്കണവാടികളിൽ വിദ്യാഭ്യാസം മാത്രമല്ല ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള പോഷകാഹാര വിതരണവും നടക്കുന്നുണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ സെക്രട്ടറി സമിതിയെ അറിയിച്ചു

അങ്കണവാടികളുടെ സമയം 9.30 മുതൽ 3.30 വരെയായതിനാൽ ജോലിക്കു പോകുന്ന അമ്മമാർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്നും ഇത് പരിഹരിക്കുന്നതിനായി ആദ്യഘട്ടത്തിൽ 250 അങ്കണവാടികളിൽ ഒരു വയസ്സു മുതലുള്ള കുട്ടികളെ 8 മണി മുതൽ 6 മണിവരെ ഡേകെയർ മാതൃകയിൽ സംരക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും അങ്ങനെ അത്തരം അമ്മമാർക്ക് നല്ല സേവനം നല്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു

നഗരപ്രദേശങ്ങളിൽ മാത്രമേ പ്രസ്തുത പദ്ധതി കൂടുതൽ പ്രയോഗികമാകുകയുള്ളുവെന്നും നാട്ടിൻപുറങ്ങളിലുള്ള അങ്കണവാടികളിൽ മൂന്ന് വയസ്സായ കുട്ടികളെ മാത്രമേ ലഭിക്കുവാൻ സാദ്ധ്യതയുള്ളുവെന്നും സമിതി അഭിപ്രായപ്പെട്ടു.

2013-2014 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം സംബന്ധിച്ച റിപ്പോർട്ടിലെ 69,70 എന്നീ ഖണ്ഡികകളിലെ

ശിപാർശകളിന്മേൽ സാമൂഹ്യനീതി, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ വിശദമായ ചർച്ചകൾക്ക് ശേഷം സമിതി അംഗീകരിച്ചു

### III ആക്ഷൻടേക്കൺ സ്റ്റേറ്റ്മെന്റുകൾ

1. (2014-15)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.
   (ഫയൽ നമ്പർ 3471/സബ്.സി.ഇ 1/2014/നി.സെ.)

(2014-15)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 72, 73, 74 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും വകുപ്പിൽ നിന്നും 42, 43, 47 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു

2. (2015-2016)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.
   (ഫയൽ നമ്പർ 3412/സബ്.സി.ഇ 1/2015/നി.സെ.)

(2015-2016)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 27, 51 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു

ഉച്ചയ്ക്കുശേഷം 3.30-ന് സമിതിയോഗം പിരിഞ്ഞു.

## 22-3-2017-ലെ യോഗ നടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2017 മാർച്ച് മാസം 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. സി. ജോസഫ്
2. ശ്രീ. പി. ജെ. ജോസഫ്

3. ശ്രീ. ആർ. രാജേഷ്

4. ശ്രീ. എം. സ്വരാജ്

5. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ.കെ.ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ബി. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
2. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.
3. ശ്രീ. കെ. ജി. ഭട്ട്, സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
4. ശ്രീ. ജെയിംസ് ജോസഫ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീ. കെ. വി. മോഹൻകുമാർ, ഡയറക്ടർ, ഡി.പി.ഐ.
6. ശ്രീ. പി. എസ്. കൃഷ്ണകുമാർ, അഡീഷണൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
7. ശ്രീമതി എം. സി. പ്രസന്ന കുമാരി, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
8. ഡോ. ജി. പി. പത്മകുമാർ, എം.ഡി., സി-ആപ്റ്റ്, രജിസ്ട്രാർ, കെ.ടി.യു.
9. ഡോ. പി. സുരേഷ്കുമാർ, ഡയറക്ടർ, ഐ.എച്ച്.ആർ.ഡി.
10. ഡോ. കെ. അജയകുമാർ, ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ
11. ശ്രീ. വി. കാർത്തികേയൻ നായർ, ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ്
12. ഡോ. എ. ആർ. രാജൻ, ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ
13. ഡോ. ഷാജി സേനാധിപൻ, ഡയറക്ടർ, എൽ.ബി.എസ്.
14. ഡോ. പി. എ. ഫാത്തിമ, ഡയറക്ടർ, സീമാറ്റ്

15. ശ്രീമതി എം. എസ്. ജയ, ഡയറക്ടർ, എച്ച്.എസ്.ഇ., സി.ഇ. & കെ.സി.എച്ച്.ആർ.

16. ഡോ. ജെ. പ്രസാദ്, ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

17. കേണൽ ശ്രീജിത്ത് വാരിയർ എസ്.എം., ഡയറക്ടർ (കെ & എൽ), എൻ.സി.സി. ഡയറക്ടറേറ്റ്.

18. ഡോ. പി. എസ്. ശ്രീകല, ഡയറക്ടർ, കെ.എസ്.എൽ.എം.എ.

19. ശ്രീ. ജി. ആഞ്ചലോസ്, ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

20. ശ്രീ. സി. രാമൻകുട്ടി, രജിസ്ട്രാർ, കേരളാ സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ

21. ഡോ. എസ്. ഡേവിഡ് പീറ്റർ, രജിസ്ട്രാർ, കുസാറ്റ്.

22. ശ്രീ. എസ്. സുരേഷ് കുമാർ, രജിസ്ട്രാർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

23. ശ്രീ.അൻവർ സാദത്ത്, എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@സ്കൂൾ.

24. ഡോ. കെ. ആർ. രഘുനാഥൻ, പ്രിൻസിപ്പൽ, ഗവ.ലോ കോളേജ്, തിരുവനന്തപുരം

25. ഡോ. ടി. പി. രവീന്ദ്രൻ, രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

26. ഡോ. ജെയിംസ് പോൾ, ഡെവലപ്മെന്റ് ഓഫീസർ, കണ്ണൂർ സർവ്വകലാശാല

27. ഡോ. ജി. എസ്. സുരേഷ്കുമാർ, ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരള

28. ശ്രീ.എം. ആർ. ഉണ്ണി, രജിസ്ട്രാർ, എം.ജി.സർവ്വകലാശാല

29. ശ്രീമതി പി. കെ. ശോഭന, സ്റ്റേറ്റ് ലൈബ്രേറിയൻ.

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിൽ വരുന്ന പൊതുവിദ്യാഭ്യാസം, ആസൂത്രണ സാമ്പത്തികകാര്യം, ഉന്നത വിദ്യാഭ്യാസം, സാംസ്കാരികകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2202, 2203 എന്നീ ശീർഷകങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

മലയാളം മിഷനുമായി ബന്ധപ്പെട്ട് മധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിൽ പ്രവർത്തന വിപുലീകരണം, വാർഷിക പരീക്ഷ, ഓൺലൈൻ രജിസ്ട്രേഷൻ, ജീവനക്കാരുടെ ശമ്പളം/വേതനം, ഓഫീസ് വാടക, യാത്രാ ചെലവ്, മറ്റ് ഓഫീസ് ചെലവുകൾ തുടങ്ങിയ ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 75 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പുസ്തക വില്പന പരമാവധി വർദ്ധിപ്പിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനം - 45 ലക്ഷം രൂപയും, പദ്ധതിയേതരം 98 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ പുതിയ കെട്ടിട നിർമ്മാണപ്രവൃത്തി തുടരുന്നതിനും ദിവസ-കരാർ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം നൽകുന്നതിനും ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനുമായി പ്ലാൻ ഇനത്തിൽ 338 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 200 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളവും മറ്റും നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 183.85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രത്തിലെ 2017-18 സാമ്പത്തികവർഷത്തിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യം, ഡി.എ. കുടിശ്ശിക എന്നിവ നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും പദ്ധതിയേതരയിനത്തിൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിന് 2017-18 സാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിൽ ആകെ 1944.52 കോടി രൂപയുടെ ഡിമാന്റാണ് വച്ചിട്ടുള്ളതെന്നും അതിൽ ഡി.പി.ഐ.-യ്ക്ക് 1797.52 കോടി രൂപയും ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ 101 കോടി രൂപയും എസ്.എസ്.എ.-യുടെ 9 കോടി രൂപയും SCERT-യുടെ 18 കോടി രൂപയും സീമാറ്റ് കേരളയുടെ 3.5 കോടി രൂപയും കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ 15.5 കോടി രൂപയുമാണ് പദ്ധതിയിനത്തിൽ പ്രൊപ്പോസ് ചെയ്തിരിക്കുന്നതെന്നും പദ്ധതിയേതരയിനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് ആകെ 12946.7007 കോടി രൂപയുടെ ഡിമാന്റാണ് വച്ചിട്ടുള്ളതെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു

സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം, വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികൾ, വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി, പാൽ, മുട്ട എന്നിവയുടെ വിതരണം, നിർദ്ധനരായ കുട്ടികൾക്കുള്ള ധനസഹായം, വിവരസാങ്കേതികവിദ്യ മെച്ചപ്പെടുത്തൽ, കായിക വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ, ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കാനായാണ് ഫണ്ട് ആവശ്യപ്പെട്ടിട്ടുള്ളതെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത ഫണ്ടിൽ നിന്നാണോ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതെന്ന സമിതിയുടെ ചോദ്യത്തിന്, വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നത് പി.ടി.എ./തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരമാണെന്നും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികളിൽ പ്രഭാതഭക്ഷണം ഉൾപ്പെടുത്തിയിട്ടില്ലെന്നും മിഡ്-ഡേ മീൽ മാത്രമേയുള്ളൂവെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ജീവനക്കാരുടെ ടി.എ. നൽകുന്നതിനും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനുമാണ് പദ്ധതിയേതരയിനത്തിൽ അധികതുക ആവശ്യപ്പെടുന്നതെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു

സംസ്കൃത വിദ്യാഭ്യാസ വികസനത്തിന് ഈ വർഷം അധിക ചെലവ് പ്രതീക്ഷിക്കുന്നതിനാൽ അക്കാദമിക് എക്സലൻസിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ബഹുതരം പഠനകേന്ദ്രങ്ങളിലെ സന്നദ്ധ സേവകരായ അധ്യാപകർക്ക്, ഓണറേറിയം കൊടുക്കുന്നതിനും മറ്റ് ചെലവുകൾക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 297 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഈ അക്കാദമിക് വർഷത്തിൽ 1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നല്കുന്നതിനുള്ള സർക്കാർ തീരുമാനം നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംരക്ഷണ സഹായം ഗണ്യമായി വർദ്ധിച്ചതിനാൽ പുതുക്കിയ നിരക്കനുസരിച്ച് സംരക്ഷണ സഹായം വിതരണം ചെയ്യുന്നതിനായി എയ്ഡഡ് പ്രൈമറിക്ക് 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ എ.ഇ.ഒ. ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്ത, മെഡിക്കൽ റീ-ഇംപേഴ്സ്മെൻറ് എന്നിവയും ഓഫീസുകളിലെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവയുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഇവയ്ക്കായി 21 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഇതിനായി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ യാത്രാബത്ത, അവധിയാത്രാ ആനുകൂല്യം എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഇവയ്ക്കായി യഥാക്രമം 2 ലക്ഷം രൂപയും 7 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെൻറ് ഇനത്തിൽ 10 ലക്ഷം രൂപയും യാത്രാബത്ത ഇനത്തിൽ 5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യു.

ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജീവനക്കാർക്ക് യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകളിലെ ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ എയ്ഡഡ് ഹൈസ്കൂളുകളിലെ അദ്ധ്യാപകരുടെയും ഇതര ജീവനക്കാരുടെയും യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2017-18 വർഷത്തിലെ പുതുക്കിയ നിരക്കനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് ഹൈസ്കൂളുകൾക്ക് സംരക്ഷണസഹായം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 21.84 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ 32 ഗവൺമെന്റിതര അന്ധബധിര വിദ്യാലയങ്ങളിലെ കുട്ടികൾക്കുള്ള ബോർഡിംഗ് ഗ്രാന്റ് കുടിശ്ശിക നൽകുന്നതിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ധനസഹായം ഉയർത്തിയതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ പുതുക്കിയ നിരക്കനുസരിച്ച് ധനസഹായം വിതരണം ചെയ്യുന്നതിന് 1.2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ജി. വി. രാജാ സ്പോർട്സ് സ്കൂളിലെ ജീവനക്കാരുടെ വേതനം, വൈദ്യുതി ചാർജ്ജ്, കുട്ടികളുടെ ഡയറ്റ് ചാർജ്ജ് കുടിശ്ശിക എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 63 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സംസ്ഥാനത്തെ 7 ഗവൺമെന്റ് ബധിര, മൂക, അന്ധ വിദ്യാലയങ്ങളിലെ വാട്ടർ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവ നൽകുന്നതിലേക്കുവേണ്ടി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വെള്ളക്കരം, വൈദ്യുതിക്കരം എന്നിവയ്ക്കായി ആകെ 1 ലക്ഷം രൂപയും മറ്റു ചെലവുകൾക്കായി 10 ലക്ഷം രൂപയും ചേർത്ത് 11 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എം.ജി.എൽ.സി. (മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റേഴ്സ്) സ്കൂളുകളുടെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് സമിതി ആരായുകയും വിദ്യാർത്ഥികൾ കൂടുതലുള്ള സ്കൂളുകളിൽ അദ്ധ്യാപകരുടെ പോസ്റ്റ് സാങ്ഷൻ ചെയ്തു കൊടുക്കുന്നില്ല എന്ന പ്രശ്നം നിലനിൽക്കുന്നുണ്ടെന്നും സമിതി ആരാഞ്ഞതിനു മറുപടിയായി 296 ഏകാദ്ധ്യാപക സ്കൂളുകളിലായി 346 വാളന്റിയേഴ്സ് ജോലി ചെയ്യുന്നുണ്ടെന്നും പ്രൈമറി എഡ്യൂക്കേഷനിലേയ്ക്ക് കുട്ടികളെ കൊണ്ടു പോകണമെന്നാണ് ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ Right to Education Act-ൽ പറയുന്നതെന്നും ഡി.പി.ഐ. ഡയറക്ടർ സമിതിയെ അറിയിച്ചു.

ഒരു സ്കൂളിൽ നാല് ക്ലാസും ഒരു അദ്ധ്യാപകനുമാണുള്ളതെങ്കിൽ എങ്ങനെയാണ് സ്കൂൾ പ്രവർത്തിക്കുന്നതെന്ന് സമിതി ആരാഞ്ഞു. അതുകൊണ്ടാണ് ഇങ്ങനെയുള്ള സ്കൂളുകൾ മുഴുവൻ പ്രൈമറി സ്കൂളുകളുടെ പരിധിയിലേയ്ക്ക് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും ഡി.പി.ഐ. സമിതിയെ അറിയിച്ചു.

ഉന്നതവിദ്യാഭ്യാസത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോളിൽ ആകെ 22 വകുപ്പുകളും സർവ്വകലാശാലകളും സ്വയംഭരണ സ്ഥാപനങ്ങളുമുണ്ട്. അതിൽ കൊളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റ്, കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്,

സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം എന്നീ മൂന്ന് സ്ഥാപനങ്ങൾ അധിക തുക ചോദിച്ചിട്ടില്ലെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കഴിഞ്ഞ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ അധിക തുക ആവശ്യമില്ലെന്നും ബഡ്ജറ്റിൽ ഈ സാമ്പത്തിക വർഷം ഈ ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമാണെന്നും എച്ച്.എസ്.ഇ. ഡയറക്ടർ സമിതിയെ അറിയിച്ചു

തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി റോഡുകൾ, നടപ്പാതകൾ, ക്യാമ്പസ് മുഴുവൻ സ്ട്രീറ്റ് ലൈറ്റ് സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനുമായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം ക്യാമ്പസിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി മലിനജല സംസ്കരണ പ്ലാന്റും ക്യാമ്പസ് മുഴുവൻ സ്ട്രീറ്റ് ലൈറ്റ് സംവിധാനവും ഒരുക്കുന്നതിന് 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

അപ്രന്റീസ് പരിശീലനം നല്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്റ്റൈപന്റിനത്തിൽ ഏകദേശം 70 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാലും സൂപ്പർവൈസറി ഡെവലപ്പ് സെന്റർ വഴി നടപ്പിലാക്കുന്ന ജോബ് ഫെയറുകൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സർക്കാർ പോളിടെക്നിക്കുകൾക്ക് ദേശീയ തലത്തിൽ അക്രഡിറ്റേഷൻ നേടുന്നതിനായി ലാബുകളും മറ്റ് സൗകര്യങ്ങളും വികസിപ്പിക്കുന്നതിന് അധിക തുക ആവശ്യമാണ്. ആയതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ടെക്നിക്കൽ ഹൈസ്കൂളുകളിൽ കൂടി ഒരുക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ അധികമായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്ക് കോളേജുകൾക്കും ദേശീയ തലത്തിലുള്ള അക്രഡിറ്റേഷൻ നേടാനാവശ്യമായ പ്രവർത്തനങ്ങളുടെ ഭാഗമായി ലൈബ്രറികളുടെ ആധുനികവൽക്കരണവും മറ്റ് സൗകര്യങ്ങളും വകുപ്പിന് കീഴിലുള്ള മറ്റ്

സ്ഥാപനങ്ങളിലേക്ക കൂടി വ്യാപിപ്പിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിടുന്നു. ഇതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും ഗവേഷണ പദ്ധതികൾക്കുള്ള ഒരു ഡിജിറ്റൽ സംവിധാനം സൃഷ്ടിക്കുക, എല്ലാ വിഷയങ്ങളിലെയും ഉള്ളടക്കം വികസിപ്പിക്കുക, ഇ-ജേർണൽ, തുടങ്ങിയവയ്ക്കായി വാർഷിക പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ അധികമായി 150 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് അവരുടെ ഗവേഷണ മികവിനെ അടിസ്ഥാനമാക്കി നല്കിവരുന്ന റിസർച്ച് സ്കോളർഷിപ്പിനുള്ള അപേക്ഷകരുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

പോളിടെക്നിക്കുകളിൽ പുതുതായി രണ്ട് ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കോഴിക്കോട് വനിതാ പോളിടെക്നിക്കിൽ ആരംഭിക്കുന്ന എൽ.ഇ.ഡി. ബൾബ് ഉല്പാദന പരിശീലന കേന്ദ്രത്തിനുമായി 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

പുനർജനി പദ്ധതിയുടെ കൂടുതൽ ക്യാമ്പുകൾ നടത്തുന്നതിനും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ദേശീയതലത്തിൽ അക്രഡിറ്റേഷൻ നേടുന്നതിന്റെ ആദ്യഘട്ടമായി 14 സർക്കാർ പോളിടെക്നിക്കുകളുടെ അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ഡിസൈൻ സ്റ്റുഡിയോ, ഫോട്ടോ ടൈപ്പിംഗ് ഫെസിലിറ്റി, വർക്ക് ബെഞ്ച് എന്നിവ സ്ഥാപിക്കുന്നതിനായി അധികമായി 15 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കോട്ടയം രാജീവ്ഗാന്ധി ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പുനരുപയോഗയുക്തമായ നിർമ്മാണ ഘടകങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനും പരിശോധിക്കുന്നതിനുമായി ആരംഭിക്കുന്ന ഗവേഷണ കേന്ദ്രത്തിന്റെ ആദ്യഘട്ടത്തിനായി 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ സ്കൂളുകളിലെ അധ്യാപകർക്ക് മുൻവർഷത്തെ കുടിശ്ശിക ഉൾപ്പെടെ ഗ്രാൻഡ് - ഇൻ - എയ്ഡും ഉൽസവബത്തയും അനുവദിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 12.12 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സാങ്കേതിക വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള 30 സർക്കാർ പോളിടെക്നിക്ക് കോളേജുകളിലെ വെള്ളക്കരം കൊടുക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സാങ്കേതിക പരീക്ഷാ വിഭാഗത്തിൽ ദിവസ വേതനത്തിലും മറ്റും ജോലി ചെയ്യുന്നവരുടെ വർദ്ധിപ്പിച്ച നിരക്കിലെ വേതനം കൊടുക്കുന്നതിനായി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ കണ്ടിൻജന്റ് ജീവനക്കാർക്കും ദിവസ വേതനക്കാർക്കും വേതനം നൽകുന്നതിന് അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ ഇതിനായി 10 ലക്ഷം രൂപയും, കോളേജ്, ഹോസ്റ്റൽ എന്നിവിടങ്ങളിലെ വെള്ളക്കരം അടയ്ക്കുന്നതിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിന് വെള്ളക്കരത്തിനായി അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ, 8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിന് വേതനത്തിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ 5 പുതിയ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ വെള്ളക്കരം അടയ്ക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഇടുക്കി ജില്ലയിൽ എയർക്രാഫ്റ്റ് ഹാംഗർ, റൺവേ എന്നിവയും പാലക്കാട്, എറണാകുളം ജില്ലകളിൽ എൻ.സി.സി.-ക്ക് ഓഫീസ് കെട്ടിടങ്ങൾ, തിരുവനന്തപുരത്ത് എൻ. സി. സി. കേഡറ്റുകൾക്ക് സ്ഥിരമായി പരിശീലന കേന്ദ്രം എന്നീ നിർമ്മാണ പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 13 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ കമ്പ്യൂട്ടർവത്കരണത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 108 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു. കൂടാതെ ആസ്ഥാന മന്ദിര നിർമ്മാണം, ലൈബ്രറികൾക്കുള്ള ഗ്രാന്റ് വർദ്ധനവ്, ലൈബ്രേറിയൻ അലവൻസ് വർദ്ധനവ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 6624.87 ലക്ഷം രൂപ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

സ്റ്റേറ്റ് എൻ. എസ്. എസ്. സെല്ലിന്റെ ആഭിമുഖ്യത്തിൽ 7 ദിവസത്തെ നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ്, State level workshop on leadership and personality development programme, എൻ.എസ്.എസ് സ്റ്റേറ്റ് അവാർഡ് എന്നിവയ്ക്കായി 10.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സ്ഥാപനത്തിന്റെ ഹെഡ്ഡാഫീസ് കെട്ടിട നിർമ്മാണത്തിന് 6 കോടി രൂപയും നബാർഡിന്റെ സഹായത്തോടെ 6 എഞ്ചിനീയറിംഗ് കോളേജുകളുടെയും കുണ്ടറയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെയും കെട്ടിട നിർമ്മാണത്തിന് 3 കോടി രൂപയും ചേർത്ത് പദ്ധതിയിനത്തിൽ 9 കോടി രൂപയും മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ എസ്റ്റാബ്ളിഷ്മെന്റ് ചെലവുകൾക്കായി 280 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് സെന്റർ, പൊന്നാനിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി യഥാക്രമം 79 ലക്ഷം രൂപയും 250 ലക്ഷം രൂപയും ചേർത്ത് ആകെ 329 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു

എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ ജീവനക്കാരുടെ വേതനം, യാത്രാ ചെലവുകൾ, വെള്ളക്കരം, വൈദ്യുത ചെലവ്, മറ്റു ചെലവുകൾ എന്നിവയ്ക്കായി ആകെ 40.28 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സർവ്വകലാശാലയ്ക്ക് യു.ജി.സി. ശമ്പളപരിഷ്കരണകുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി 1236.29 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കോഴിക്കോട് സർവ്വകലാശാലയ്ക്ക് പത്താം ശമ്പളക്കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയതിന്റെ ഭാഗമായി ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനും സർക്കാർ നടപ്പിലാക്കിയ കരാർ/ദിവസ വേതന അടിസ്ഥാനത്തിലുള്ള ശമ്പള വർദ്ധനവ് നൽകുന്നതിനുമായി 4009 ലക്ഷം രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യു.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ വിവിധ വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി പദ്ധതിയിനത്തിൽ 393.80 ലക്ഷം രൂപയും ശമ്പളം, പെൻഷൻ, ശമ്പളപരിഷ്കരണ കുടിശ്ശിക, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 5561 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷനുവേണ്ടിയുള്ള പ്രവേശന പരീക്ഷ കമ്മീഷണറേറ്റിൽ വിവിധ പ്രവേശന പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിനും ഓഫീസ് ചെലവുകൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3.83 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കണ്ണൂർ സർവ്വകലാശാലയിൽ വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് 350 ലക്ഷം രൂപയും യു.ജി.സിയുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപയും ചേർത്ത് അധികമായി 550 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കണ്ണൂർ സർവ്വകലാശാലയിൽ ഭരണാനുമതി ലഭിച്ചതും ഇനിയും ഭരണാനുമതി ലഭിക്കേണ്ടതുമായ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 840 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പൂജപ്പുര എൽ. ബി. എസ്. ഐ. റ്റി. ഡബ്ല്യു.-വിലെ ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനും, കാസറഗോഡ് എൽ. ബി. എസ്. എഞ്ചിനീയറിംഗ് കോളേജിൽ ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനുമായി 550 ലക്ഷം രൂപയും മലപ്പുറം, എൽ. ബി. എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 50 കോടി രൂപയും ചേർത്ത് ആകെ 55.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തൃശ്ശൂർ ലോ കോളേജിന് പത്രം, സ്റ്റാമ്പ് തുടങ്ങിയവ വാങ്ങുന്നതിനും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കുമായി 30,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന സെൻട്രൽ ലൈബ്രറിക്ക് സെക്യൂരിറ്റി ഗാർഡുകൾ, ലൈബ്രറി അപ്രന്റീസുകൾ, ഇലക്ട്രീഷ്യൻ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവരുടെ വേതനം നൽകുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കോഴിക്കോട് ലോ കോളേജിന് വെള്ളക്കരയിനത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 1.44 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ശമ്പള പരിഷ്കരണ കുടിശ്ശിക, യു.ജി.സി. പെൻഷൻ കുടിശ്ശിക, ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ, പുതുതായി നിയമനം ലഭിച്ചവർക്ക് ശമ്പളം എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 10 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു. കൂടാതെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമായി ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി വിഭാവനം ചെയ്തിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളും പശ്ചാത്തല/അടിസ്ഥാന സൗകര്യ വികസനവും, സമയബന്ധിതമായി നടത്തുന്നതിനും വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനുമായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രത്തിൽ നിന്നും പിരിച്ചുവിട്ട ജീവനക്കാരുടെ ശമ്പള കുടിശ്ശിക അടിയന്തരമായി നൽകുന്നതിനായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്ക് (ഡോ.എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി) റസിഡൻഷ്യൽ സൗകര്യങ്ങളോടുകൂടിയ കാമ്പസ് നിർമ്മിക്കുന്നതിനും ഇതിനായി സ്ഥലം വാങ്ങുന്നതിനുമായി 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന് പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാണെന്നും, പൊതുപ്രവേശന പരീക്ഷാ പരിശീലന പദ്ധതിയ്ക്ക് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാണെന്നും വിദ്യാഭ്യാസ പരിപാടിയുടെ വികസനത്തിന് അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാണെന്നും ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ, സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം, വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടി എന്നിവയ്ക്കും അദ്ധ്യാപകർക്കും പൊതുസമൂഹത്തിനും മെച്ചപ്പെട്ട സേവനം നൽകുന്നതിനായി ഹയർ സെക്കണ്ടറി വകുപ്പിനെ നവീകരിക്കുന്നതിനും, സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾക്കുവേണ്ടിയുള്ള ബഹുനില കെട്ടിടനിർമ്മാണത്തിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാണെന്ന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കന്ററി എഡ്യൂക്കേഷൻ (പ്ലസ്ടു) വിഭാഗത്തിന് ഉത്തരക്കടലാസിന്റെ വില, സർട്ടിഫിക്കറ്റിന്റെ പ്രിന്റിംഗ് ചാർജ്ജ് എന്നിവയിലുണ്ടായ വർദ്ധനവ് കണക്കിലെടുക്കുമ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റിന് അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാണെന്ന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ ജീവനക്കാരുടെ ശമ്പള ചെലവ്, യാത്രാബത്ത എന്നിവയ്ക്കും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാണെന്ന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

പ്രാഥമിക വിദ്യാഭ്യാസം കെട്ടിടങ്ങൾക്ക് ബഡ്ജറ്റിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. ആയതിനാൽ 280 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സെക്കന്ററി സ്കൂൾ കെട്ടിടങ്ങൾക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല ആയതിനാൽ 3072.50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിലെ (ആർ.ഐ.ഡി.എഫ്.) അടിസ്ഥാന സൗകര്യവികസനത്തിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല ആയതിനാൽ 1,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിവിധ സർക്കാർ ലോ കോളേജുകൾ ഉൾപ്പെടെ വിവിധ കോളേജുകളുടെ ഹോസ്റ്റൽ നിർമ്മാണം പുരോഗമിക്കുന്നതിനാൽ 942.82 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു. കൂടാതെ കോഴിക്കോട് ലോ കോളേജിൽ സുവർണ്ണ ജൂബിലി സ്മാരക മൂട്ട്കോർട്ട് ഹാൾ നിർമ്മിക്കുവാൻ 5 കോടിയും, കളിസ്ഥലവും, ഗാലറി, പവലിയൻ, മറ്റനുബന്ധ സൗകര്യങ്ങൾക്കായി 3 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പല സർക്കാർ കോളേജുകളിലെയും ഭൗതിക സൗകര്യ വികസനത്തിനായി 3456.40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തലിന്റെ ഭാഗമായി കോളേജുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സർക്കാർ കോളേജുകളിൽ ലാബുകളുടെയും ലൈബ്രറികളുടെയും വികസനത്തിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 1.21 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിവിധ ടെക്നിക്കൽ ഹൈസ്കൂളുകൾ കെട്ടിടങ്ങളുടെ പണികൾ ഏറ്റെടുത്തു പൂർത്തിയാക്കാനുള്ളതിനാൽ 443 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പോളിടെക്നിക്കുകളുടെ ഒട്ടേറെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുകയും അവ തുടർന്ന് വരുകയും ചെയ്യുന്നതിനാൽ 1924.60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 563 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പോളിടെക്നിക്ക് കെട്ടിടങ്ങൾക്ക് ബഡ്ജറ്റിൽ യാതൊരു തുകയും അനുവദിക്കാത്തതിനാൽ 11 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ കെട്ടിടങ്ങളുടെ മരാമത്ത് പണികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 882 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മുൻ പദ്ധതി കാലയളവിൽ ആരംഭിച്ച പുതിയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനത്തിന് തുക ആവശ്യമായതിനാൽ തൃശ്ശൂർ, കണ്ണൂർ എഞ്ചിനീയറിംഗ് കോളേജുകൾക്ക് യഥാക്രമം 200 ലക്ഷം രൂപയും 250 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു. കൂടാതെ മുൻ പദ്ധതി കാലയളവിൽ ആരംഭിച്ച പുതിയ എഞ്ചിനീയറിംഗ് കോളേജുകൾക്കായി ബഡ്ജറ്റിൽ തുകയൊന്നും അനുവദിക്കാത്തതിനാൽ ഇതിനായി 71 ലക്ഷം രൂപ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 644 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തലും വികസനവും എന്നതിന്റെ ഭാഗമായി കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ടെക്നിക്കൽ ഹൈസ്കൂളുകളിൽ കൂടി ഒരുക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ അധികമായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് കെട്ടിടങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 19.44 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിനായി 2015-16 ലെ പദ്ധതി വിഹിതത്തിൽ നിന്നും 145 ലക്ഷം രൂപ ഇ-ലാംസിൽ നിക്ഷേപിക്കുകയും ആയത് മുഴുവൻ തുകയും 2016-17 വർഷത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതിനാൽ 2016-17-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കുറവുവന്ന 145 ലക്ഷം രൂപ കരിക്കുലം നവീകരണത്തിന്റെ പശ്ചാത്തലത്തിൽ ലാബുകളുടെ നവീകരണത്തിനായി അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്തു.

എസ്. സി. ഇ. ആർ. ടി. ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നല്കുന്നതിനായി പദ്ധതിയേതര ഇനത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 651 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സർവ്വശിക്ഷാ അഭിയാനിൽ IED-യുടെ ഭാഗമായി സംസ്ഥാന സർക്കാർ നിയമിച്ചിട്ടുള്ള 423 റിസോഴ്സ് അധ്യാപകർക്ക് റെമ്യൂണറേഷൻ നല്കുന്നതിന് 10 കോടി രൂപയും അധ്യാപകർക്ക് ഗണിതം, ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ വിഷയങ്ങളിൽ കൂടുതൽ മികവ് ലഭിക്കുന്നതിന് യൂണിവേഴ്സിറ്റി, വിവിധ വിദഗ്ധ ഏജൻസികൾ എന്നിവ വഴി കോഴ്സുകൾ നൽകുന്നതിന് 5 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (എസ്. ഐ. ഇ. എം. എ. റ്റി.) കേരളയ്ക്ക് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾക്കും ഇതര പ്രവർത്തനങ്ങൾക്കുമായി 13 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കേരള സംസ്ഥാന സാക്ഷരതാമിഷൻ പുതുതായി ആരംഭിക്കുന്ന ആറ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുവേണ്ടി 340 ലക്ഷം രൂപയും പ്രേരക്മാർക്ക് ഓണറേറിയം നൽകുന്നതിനായി 23 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തിരുവനന്തപുരം ലോ കോളേജിൽ ഒരു ഓഡിറ്റോറിയവും ക്ലാസ്സുകൾ നടത്തുന്നതിനായി ബഹുനില മന്ദിരവും നിർമ്മിക്കുന്നതിനായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 15.9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

സമിതിയുടെ അടുത്ത യോഗം 28-3-2017-ന് രാവിലെ 10.00 മണിക്ക് തിരുവനന്തപുരത്ത് വച്ച് കൂടുവാൻ തീരുമാനിച്ചു

വൈകുന്നേരം 4.00 മണിക്ക് യോഗം പിരിഞ്ഞു.

# 28-3-2017-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VI, 2017 മാർച്ച് മാസം 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ് - ഒഫീഷ്യോ അംഗങ്ങളായ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും, ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീനും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. കെ. സി. ജോസഫ്
3. ശ്രീ. എം. സ്വരാജ്
4. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി,
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി,
3. ശ്രീമതി എൽ. ജ്യോതി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി ഷീലാ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
2. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
3. ഡോ. ബി. അശോക്, സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്
4. ശ്രീ. സഞ്ജയൻ കുമാർ, ഡയറക്ടർ ഓഫ് സ്പോർട്സ് & യൂത്ത് അഫേഴ്സ്
5. ശ്രീ. റെജികുമാർ, ഡയറക്ടർ ഓഫ് ആർക്കൈവ്സ് & ആർക്കിയോളജി
6. ശ്രീ. കെ. ഗംഗാധരൻ, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് മ്യൂസിയം-മൃഗശാല
7. ശ്രീ. വി. ആർ. രാധാകൃഷ്ണൻ, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കൾച്ചറൽ അഫയേഴ്സ്.

8. ശ്രീമതി സജിനി എസ്., അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
9. ശ്രീ. ആർ. രാജശേഖരൻ, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
10. ശ്രീമതി എസ്. മഞ്ജു, ജോയിന്റ് സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്
11. ശ്രീ. എൻ. ശ്രീകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
12. പ്രൊഫ. മടവന ബാലകൃഷ്ണപിള്ള, ഡയറക്ടർ, ഭാരത് ഭവൻ
13. ശ്രീമതി പി.പി. സജിത, സെക്രട്ടറി, കേരള സംസ്ഥാന യൂത്ത് കമ്മീഷൻ
14. ശ്രീ. മഹേഷ് ബി. (പഞ്ചു), സെക്രട്ടറി, കെ.എസ്.സി.എ.
15. ഡോ. എ.കെ.നമ്പ്യാർ, സെക്രട്ടറി, കേരള ഫോക്ക് ലോർ അക്കാദമി
16. ശ്രീ. റസാഖ് പയമ്പ്രോട്ട്, സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, കൊണ്ടോട്ടി
17. ശ്രീ. ഇ. ദിനേശൻ, രജിസ്ട്രാർ, പൈതൃക പഠന കേന്ദ്രം
18. ശ്രീ. പി. പത്മകുമാർ, എക്സിക്യൂട്ടീവ് ഓഫീസർ, ജവഹർ ബാലഭവൻ, തിരുവനന്തപുരം
19. ശ്രീ. സി. ആർ. രാമചന്ദ്രൻ, എക്സിക്യൂട്ടീവ് ഓഫീസർ, ജവഹർ ബാലഭവൻ, കൊല്ലം
20. ശ്രീ. ടി. ശശികുമാർ, എക്സിക്യൂട്ടീവ് ഓഫീസർ, ജവഹർ ബാലഭവൻ, കോട്ടയം
21. ശ്രീ. എൻ. രാധാകൃഷ്ണൻ നായർ, സെക്രട്ടറി, കേരള സംഗീത നാടക അക്കാഡമി, തൃശ്ശൂർ
22. ശ്രീ. പൊന്ന്യം ചന്ദ്രൻ, സെക്രട്ടറി, കേരള ലളിതകലാ അക്കാഡമി
23. ശ്രീമതി എ. എസ്. സുഗതകുമാരി, മാനേജർ, കേരള ലളിതകലാ അക്കാഡമി
24. ശ്രീമതി എം. ആർ. ജയഗീത, സെക്രട്ടറി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XVII ന്റെ കീഴിൽ വരുന്ന കായികവിനോദം, കല, സംസ്കാരം, പൊതുഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2204, 2205, 4202 എന്നീ ശീർഷകങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

സാംസ്കാരികകാര്യ വകുപ്പിൽ പുരാവസ്തു വകുപ്പ്, പുരാരേഖ വകുപ്പ്, മ്യൂസിയം മൃഗശാല വകുപ്പ്, കൾച്ചറൽ ഡയറക്ടറേറ്റ് കൂടാതെ മറ്റ് സ്ഥാപനങ്ങൾ എന്നിവയാണുള്ളതെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

വിവിധ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി മ്യൂസിയങ്ങളുടെ പ്രവർത്തനത്തിന് നിയമിക്കേണ്ടിവരുന്ന ജീവനക്കാർക്ക് വേതനം നൽകേണ്ടതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംരക്ഷിത സ്മാരകങ്ങളുടെ എണ്ണം 179 ആയി വർദ്ധിച്ച സാഹചര്യത്തിൽ സ്മാരകങ്ങളുടെ സംരക്ഷണത്തിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സന്ദർശനങ്ങൾ നടത്തേണ്ടതായി വരുന്നതിനാൽ യാത്രാബത്ത ഇനത്തിൽ 4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

പുരാവസ്തുഗവേഷണ വകുപ്പിൽ ഓഫീസുകളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ വെള്ളക്കരം, വൈദ്യുത ചെലവ് എന്നീ ഇനങ്ങൾക്കായി 2 ലക്ഷം രൂപ വീതവും സ്റ്റേഷനറി സാധനങ്ങൾക്കായി 6.20 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ആർട്ടമ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയം വിഭാഗങ്ങളിൽ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ചതിന്റെ ഭാഗമായി ദിവസവേതനക്കാരുടെ വേതനത്തിൽ വർദ്ധനവ് ഉണ്ടായതിനാലും, ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതുവരെ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ദിവസക്കൂലിക്കാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതായി വരുന്നതിനാലും 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വെള്ളക്കരമായി വന്ന കടിശ്ശിക തീർക്കണമെന്നുള്ള വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം നടപ്പിൽ വരുത്തുന്നതിന് അധിക ഫണ്ട് ആവശ്യമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിരമിച്ച ജീവനക്കാർക്ക് പെൻഷൻ പരിഷ്ക്കരണം നടപ്പിലാക്കുന്നതിനും നടപ്പു സാമ്പത്തികവർഷം സർവ്വീസിൽ നിന്നും വിരമിക്കുന്നവരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുമായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 400 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

വക്കം മൗലവി ഫൗണ്ടേഷൻ, മഹാകവി ഉള്ളൂർ സ്മാരകം എന്നിവയുടെ വാർഷിക ഗ്രാന്റിൽ വർദ്ധനവ് ഉണ്ടായതിനാൽ 14.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

നൃത്തനാടക സംഗീത സംഘടനകൾക്കും മറ്റു കലാസാംസ്കാരിക സംഘടനകൾക്കും ധനസഹായത്തിനായി 14 സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനും തിരുവനന്തപുരം ചിൽഡ്രൻസ് തീയേറ്ററിന് വർദ്ധിപ്പിച്ച ഗ്രാന്റ് തുക നല്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 8.30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

നിർധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ നൽകുന്നതിനായി 138 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ചിറ്റൂരിലെ ചിത്രാഞ്ജലി തിയേറ്റർ നവീകരിച്ച് ഇരട്ട തീയേറ്ററുകളാക്കി മാറ്റുന്നതിനും കോഴിക്കോട് ആധുനിക സജ്ജീകരണങ്ങളോടു കൂടി സ്റ്റുഡിയോയും ഒരു പുതിയ തിയേറ്റർ സമുച്ചയം സ്ഥാപിക്കുന്നതിനുമായി 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

അന്തർദേശീയ നാടകോത്സവം പ്രത്യേക ഇനമായി ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 400 ലക്ഷം രൂപയും ശമ്പളം, മറ്റ് പദ്ധതിയേതര ആവശ്യങ്ങൾ 10-ാം ശമ്പള പരിഷ്കരണം നടപ്പാക്കൽ എന്നീ ഇനങ്ങൾക്കായി പദ്ധതിയേതര ഇനത്തിൽ 157.75 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സാഹിത്യ അക്കാഡമി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും അക്കാഡമി കെട്ടിടം മോടിപിടിപ്പിക്കുന്നതിനും പ്രാചീന ഗ്രന്ഥങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 115 ലക്ഷം രൂപ പദ്ധതിയിനത്തിലും പത്താം ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 106.41 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കാക്കണ്ണൻപാറ കലാഗ്രാമ വികസനത്തിന്റെ രണ്ടാം ഘട്ടം പൂർത്തിയാക്കുന്നതിനായി പദ്ധതിയിനത്തിൽ 200 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

പി. കെ. കാളൻ സ്മാരക മ്യൂസിയത്തിന്റെ പുതിയ നിലകളുടെ നിർമ്മാണം, കണ്ണപുരം കലാഗ്രാമത്തിൽ മ്യൂസിയം, ലൈബ്രറി എന്നിവയുടെ നിർമ്മാണം, വിദ്യാർത്ഥികളിൽ നാടൻകലാവബോധം വളർത്തൽ, കണ്ണപ്പെരുവണ്ണാൻ സ്മാരക തെയ്യം കലാകേന്ദ്രത്തിന്

കെട്ടിട നിർമ്മാണം, കലാഭവൻ മണി സ്മാരക ചാലക്കുടി സെന്ററിന്റെ പ്രവർത്തനം തുടങ്ങിയവയും മറ്റുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1345 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 65 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള കലാമണ്ഡലത്തിലെ പദ്ധതിയിനം ചെലവുകളിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാൽ നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് 2345 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പദ്ധതിയിതര ചെലവുകളിൽ കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും 10-ാം ശമ്പളപരിഷ്കരണ കുടിശ്ശികയും 6-ാം യു. ജി. സി. ശമ്പളപരിഷ്കരണവും നൽകേണ്ടതിനാലും പദ്ധതിയേതര ഇനത്തിൽ 891.09 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വാസ്തു വിദ്യാ ഗുരുകുലത്തിന് ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

അന്തർദേശീയ ചലച്ചിത്രോത്സവം, ദേശീയ ചലച്ചിത്രമേള, മലയാള സിനിമയുടെ പ്രോത്സാഹന പരിപാടി എന്നിവയും മറ്റുമായുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കേരളത്തിൽ നടത്തുന്ന അന്തർദേശീയ ഫിലിം മേള എന്ന ശീർഷകത്തിൽ 40 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് പദ്ധതിയിനത്തിൽ 325 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 199.94 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പദ്ധതി, പദ്ധതിയേതര നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഭാരത്ഭവന് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ യഥാക്രമം 30 ലക്ഷം രൂപയും 27.65 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കൾച്ചറൽ എക്സ്ചേഞ്ച് നടത്തുന്ന സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ് ഭാരത്ഭവനെന്നും പ്രധാനമായും സാംസ്കാരിക വിനിമയമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്നും മറ്റ് സംസ്ഥാനങ്ങളുമായുള്ള സാംസ്കാരിക പരിപാടികളും മറ്റുമാണ് ഭാരത്ഭവൻ വഴി നടത്തുന്നതെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി ഭാരത്ഭവന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സമിതിയുടെ ചോദ്യത്തിന് മറുപടി നൽകി.

ഇന്ത്യയിലെ തന്നെ ആദ്യത്തെ നൃത്തമ്യൂസിയമായ ഗുരുഗോപിനാഥ് നടന ഗ്രാമത്തെ അന്തർദേശീയ തലത്തിലേക്ക് ഉയർത്തുന്നതിനും ഏഴ് ദിവസം നീണ്ടു നിൽക്കുന്ന അന്തർ ദേശീയ നൃത്തോത്സവം സംഘടിപ്പിക്കുന്നതിനും നടനഗ്രാമത്തിൽ സ്കൂൾ മന്ദിരം നിർമ്മിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 151 ലക്ഷം രൂപ അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യു. കൂടാതെ സ്ഥാപനത്തിലെ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ഓഫീസ് ചെലവുകൾ ക്കുമായി പദ്ധതിയേതരയിനത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 ബാലഭവനുകളുടെ വിവിധ പദ്ധതി വികസന പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ 52.75 ലക്ഷം രൂപയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനും പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 200 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തോന്നയ്ക്കൽ കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രത്തിലെ വിവിധ പദ്ധതികൾക്കും സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടത്തുന്ന സാംസ്കാരിക പരിപാടികളുടെ നടത്തിപ്പിനും, കേന്ദ്രത്തിനായി സ്ഥലമേറ്റെടുത്തതിന് കോടതി വിധിയെത്തുടർന്ന് അഡീഷണൽ കോമ്പൻസേഷൻ നൽകുന്നതിനുമായി 239 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കലാകാരന്മാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും കോപ്പുകളും അനുബന്ധ സാധനങ്ങളും നിർമ്മിക്കുവാനും നന്നാക്കുവാനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 10 ലക്ഷം രൂപ മാർഗിക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മൊയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയിലെ വികസന പ്രവർത്തനങ്ങൾക്കും മാപ്പിള കലാസാഹിത്യ പ്രവർത്തനങ്ങൾക്കുമായി ഈ സാമ്പത്തികവർഷം പദ്ധതിയിന ത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 245 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

വൈലോപ്പിള്ളി സംസ്കൃതിഭവന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും വിവിധോദ്ദേശ്യ സാംസ്കാരിക ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 130 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 25 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

പദ്ധതിയേതരയിനത്തിൽ 1,69,82,700 രൂപയോളം ചെലവ് വരുന്നതിനാൽ പൈതൃകപഠന കേന്ദ്രത്തിന്റെ വരുമാനമായ ഏകദേശം 80 ലക്ഷം രൂപ ടി ആവശ്യത്തിന് തികയുകയില്ല. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 80.32 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കായിക യുവജന കാര്യാലയത്തിലേയും കായിക യുവജന കാര്യാലയത്തിനു കീഴിൽ പുതുതായി രൂപീകരിച്ച എഞ്ചിനീയറിംഗ് വിംഗിലേയും ജീവനക്കാരുടെ ശമ്പളത്തിനായി 78.70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കായിക യുവജന കാര്യാലയത്തിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പരിശോധനയ്ക്ക് വേണ്ടിവരുന്ന ചെലവ് അനുവദിക്കുന്നതിനായി 55000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കായിക യുവജന കാര്യാലയത്തിന് കീഴിലുള്ള സ്വിമ്മിംഗ് പൂളിന്റെ വെള്ളക്കരം അടയ്ക്കുന്നതിനു വേണ്ടി 1.55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കായിക യുവജന കാര്യാലയത്തിന് കീഴിൽ പുതുതായി രൂപീകരിച്ച എഞ്ചിനീയറിംഗ് വിംഗിന് വേണ്ടിയും ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിന്റേയും വെള്ളയമ്പലം നീന്തൽക്കുളത്തിന്റേയും വൈദ്യുതി ചെലവുകൾക്കുമായി 28.40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കായിക യുവജനകാര്യാലയത്തിലേയും പുതുതായി രൂപീകരിച്ച കായിക യുവജനകാര്യ എഞ്ചിനീയറിംഗ് വിംഗിലേയും ടെലഫോൺ ചാർജ്ജ് അടയ്ക്കുന്നതിനു വേണ്ടി 90,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കായിക യുവജനകാര്യാലയത്തിലേയും പുതുതായി രൂപീകരിച്ച കായിക യുവജനകാര്യ എഞ്ചിനീയറിംഗ് വിംഗിലേയും ആഫീസ് സ്റ്റേഷനറി ചെലവുകൾക്കായി 4.35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കായിക യുവജനകാര്യാലയത്തിലേയും പുതുതായി രൂപീകരിച്ച കായിക യുവജനകാര്യ എഞ്ചിനീയറിംഗ് വിംഗിലേയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 92,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കായിക യുവജനകാര്യാലയത്തിന് കീഴിൽ പുതുതായി രൂപീകരിച്ച എഞ്ചിനീയറിംഗ് വിംഗിന് വേണ്ടി 7203.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കായിക യുവജനകാര്യാലയത്തിലേയും പുതുതായി രൂപീകരിച്ച കായിക യുവജനകാര്യ എഞ്ചിനീയറിംഗ് വിംഗിലേയും വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്നതിന് 5.48 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

യൂത്ത് വെൽഫയർ ബോർഡിന് കേരളോത്സവ മത്സരാർത്ഥികൾക്കുള്ള യാത്രാബത്ത, സമ്മാനത്തുക എന്നിവ വർദ്ധിപ്പിക്കുന്നതിന് 240 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

യൂത്ത് വെൽഫയർ ബോർഡിലെ ജീവനക്കാരുടെ ശമ്പളം, റ്റി.എ, ഓഫീസ് ചെലവുകൾ, പി.ഒ.എൽ എന്നിവക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കായിക താരങ്ങൾക്ക് ട്രെയിനിംഗ് നൽകുന്നതിനും പരിശീലകർക്ക് കൂടുതൽ നിലവാരമുള്ള ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനും കായികസ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനും കായിക പ്രോത്സാഹനത്തിനായി പരസ്യ പ്രചാരണം നൽകുന്നതിനും ബുക്കുകൾ പ്രസിദ്ധീകരിക്കുന്നതിനുമായി 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന യൂത്ത് കമ്മീഷന്റെ പ്രവർത്തനത്തിൽ പുതുതായി 3 പദ്ധതികൾ കൂടി ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ 73 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

യൂത്ത് കമ്മീഷനിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളവും അംഗങ്ങൾക്ക് പെൻഷനും നൽകേണ്ടതിനാൽ 43 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സ്പോർട്സ് ഹോസ്റ്റൽ അന്തേവാസികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, വർദ്ധിച്ച നിരക്കിലുള്ള ബോർഡിംഗ്/ലോഡ്ജിംഗ് തുക, കോച്ചിംഗ് ക്യാമ്പിനുള്ള ഡി.എ. തുടങ്ങിയവ കണക്കിലെടുത്ത് കേരള സ്പോർട്സ് കൗൺസിലിന് 1216.45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിവിധോദ്ദേശ്യ കളിസ്ഥല നിർമ്മാണത്തിനായി 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സർക്കസ്സ് കലാകാരന്മാർക്ക് കുടിശ്ശികയുൾപ്പെടെ പെൻഷൻ നൽകുന്നതിനായി 203.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സിവിൽ സർവ്വീസ് ടൂർണമെന്റ് നടത്തിപ്പിനായി 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ നവീകരണം, ആവശ്യമായ മരുന്നുകൾ, സർജിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും മറ്റ് ആവശ്യങ്ങൾക്കും, ആന്റി ഡോപ്പിംഗ്, സ്പോർട്സ് ന്യൂട്രീഷ്യൻ സംബന്ധിച്ച വർക്ക് ഷോപ്പുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കായിക യുവജനകാര്യാലയം, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, കേരള ഒളിമ്പിക്സ് അസോസിയേഷൻ, സ്പോർട്സുമായി ബന്ധപ്പെട്ട വിവിധ സംഘടനകൾ എന്നിവ ഉൾപ്പെടുത്തി പുതിയ കായികഭവൻ നിർമ്മിക്കുന്നതിന് 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2204-00-104-94, 2204-00-104-98 എന്നീ ഹെഡ്ഡുകൾക്ക് അനുവദിച്ചിട്ടുള്ള തുക പര്യാപ്തമാണെന്നും ആവശ്യം വരികയാണെങ്കിൽ അഡീഷണൽ ഓതറൈസേഷൻ വഴി ആവശ്യപ്പെടാവുന്നതാണെന്നും പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതിയുടെ അടുത്തയോഗം 19-4-2017-ന് 11.30 മണിക്ക് തിരുവനന്തപുരത്ത് വച്ച് കൂടാൻ തീരുമാനിച്ചു.

സമിതിയോഗം രാവിലെ 10.40 -ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.